മി. സ്പീക്കർ: ഓർഡർ……… ഓർഡർ…… ചോദ്യം നമ്പർ (*151)

**റേഷൻ കടകൾ വഴിയുള്ള ഭക്ഷ്യസാധനങ്ങളുടെ വിതരണം**

(*151) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിലൂടെയുള്ള ഭക്ഷ്യസാധനങ്ങളുടെ വിതരണം സ്ഥിരമായി തടസ്സപ്പെടുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ റേഷൻ കടകളിൽ സ്ഥാപിച്ചിരിക്കുന്ന ഇ-പോസ് മെഷീനുകളുടെ പ്രവർത്തനം വിലയിരുത്തിട്ടുണ്ടോ; ഇവയുടെ തകരാർ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; സ്ഥിരമായി സെർവർ തകരാറിലാവുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഇ-പോസ് മെഷീൻ തകരാറിലാക്കുന്നത് റേഷൻ വ്യാപാരികളാണോയെന്നത് പരിശോധിച്ചിട്ടുണ്ടോ; റേഷൻ വ്യാപാരികളുടെ കമ്മീഷൻ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ,

(എ&ബി) റേഷൻ കടകളിലൂടെയുള്ള റേഷൻ വിതരണം സ്ഥിരമായി തടസ്സപ്പെടുന്ന രീതിയിലുള്ള യാതൊരു സാങ്കേതിക പ്രശ്നങ്ങളും നിലവിലില്ല. റേഷൻ വിതരണത്തിൽ ഭാഗീകമായി തടസ്സമുണ്ടാക്കിയ സാങ്കേതിക പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഏപ്രിൽ 1 മുതൽ 30 വരെയുള്ള കാലയളവിൽ എല്ലാ ഇ-പോസ് മെഷീനുകളുടെയും സർവീസ് 'വിഷൻടെക്' എന്ന സ്ഥാപനം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ റേഷൻ വിതരണത്തിൽ ഉപയോഗിച്ചിരുന്ന ബി.എസ്.എൻ.എൽ. ബാൻഡ്‌വിഡ്ത്ത് 20 MB per second എന്നത് 50 MB per second ആയി ഉയർത്തിയിട്ടുണ്ട്. ഡിപ്പാർട്ടുമെന്റ് എ.യു.എ. സെർവറിലുണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ കാരണം റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിനായി എൻ.ഐ.സി.-യുടെ എ.യു.എ. സെർവറുകൾ കൂടി വിതരണത്തിൽ ഉൾപ്പെടുത്തുന്നതിന് എൻ.ഐ.സി.-ക്കും UIDAI-ക്കും കത്ത് നൽകിയിട്ടുണ്ട്. റേഷൻ വിതരണവുമായി ബന്ധപ്പെട്ട് ഇ-പോസ് സെർവറുകളിലെ സാങ്കേതിക പ്രശ്നങ്ങൾ കാരണമുണ്ടാകുന്ന ഭാഗീകമായ തടസ്സങ്ങൾ ഉടൻതന്നെ ബന്ധപ്പെട്ട ഏജൻസികളുമായി ചേർന്ന്

പരിഹരിക്കാറുണ്ട്. ബയോമെട്രിക് ഓതന്റിക്കേഷൻ ഉപയോഗിച്ചുള്ള റേഷൻ വിതരണം Authentication User Agency (AUA), Authentication Server Agency (ASA), UIDAI (ആധാർ സെർവർ) എന്നിവയുടെ ഒരുമിച്ചുള്ള പ്രവർത്തനത്തിലൂടെയാണ് സാധ്യമാകുന്നത്. ടി സെർവറുകൾ കൃത്യമായി പ്രവർത്തിച്ചാൽ മാത്രമേ റേഷൻ വിതരണത്തിൽ തടസ്സം നേരിടുന്നത് പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ Authentication User Agency (AUA), Authentication Server Agency (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറുകൾ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ ഉള്ളവയല്ല. റേഷൻ വിതരണത്തിലെ ബയോമെട്രിക് ഓതന്റിക്കേഷനുമായി ബന്ധപ്പെട്ടുണ്ടാകുന്ന തടസ്സങ്ങൾ വളരെ വേഗത്തിൽ പരിഹരിക്കുന്നതിനായി എൻ.ഐ.സി.-യുടെ Alternate AUA അഡോപ്റ്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇ-പോസ് മെഷീൻ തകരാറിലാക്കുന്നത് റേഷൻ വ്യാപാരികളാണെന്നുള്ള വിവരം നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല.

03-06-2023-ന് സംസ്ഥാനത്തെ റേഷൻ വ്യാപാരികളുടെ വിവിധ ആവശ്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ഭക്ഷ്യ-പൊതുവിതരണ

ഉപഭോക്തൃകാര്യ മന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ സംസ്ഥാനത്ത് NFSA (നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട്) നടപ്പാക്കിയതിനുശേഷം റേഷൻ വ്യാപാരികൾക്കുണ്ടായ സാമ്പത്തികവും നിയമപരവും ഭരണപരവുമായ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് റേഷനിംഗ് കൺട്രോളർ, ലാ ഓഫീസർ, വിജിലൻസ് ഓഫീസർ എന്നിവരടങ്ങിയ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് റേഷൻ വ്യാപാരികളുടെ കമ്മീഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. പി. ജെ. ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം (<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>): സർ, സംസ്ഥാനത്തെ റേഷൻ വ്യാപാരികളുടെ അവസ്ഥ വളരെയധികം ദയനീയമാണ്. ഏതാണ്ട് അഞ്ച് വർഷത്തോളമായി അവരുടെ വേതനവും കമ്മീഷനും പുതുക്കി നിശ്ചയിച്ചിട്ടില്ല. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ തുക വർദ്ധിപ്പിക്കുമെന്നാണ് അങ്ങ് പറഞ്ഞത്. 45 ക്വിന്റൽ ഭക്ഷ്യധാന്യം അളക്കുമ്പോൾ ഒരു വ്യാപാരിക്ക് 18,000 രൂപയാണ് കമ്മീഷനായി ലഭിക്കുന്നത്. റേഷൻ കട വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ

8000 രൂപ വാടക ഇനത്തിലും കടയിൽ നിൽക്കുന്ന സ്റ്റാഫിന് 8000 രൂപയും നൽകിക്കഴിഞ്ഞാൽ ആകെ ലഭിക്കുന്ന 18,000 രൂപയിൽ 16000 രൂപ തീരും. ഇക്കൂട്ടത്തിൽ കറന്റ് ചാർജ്ജുകൂടെ നൽകിക്കഴിഞ്ഞാൽ റേഷൻ വ്യാപാരിക്ക് കട നടത്തുന്നതിൽനിന്ന് എന്താണ് ലഭിക്കുന്നത്; അഞ്ച് വർഷമായി, വിലക്കയറ്റമുൾപ്പെടെയുള്ള ധാരാളം മാറ്റങ്ങൾ സമൂഹത്തിലുണ്ടായി. റേഷൻ വ്യാപാരികളുടെ കമ്മീഷൻ യുദ്ധകാലാടിസ്ഥാനത്തിൽ വർദ്ധിപ്പിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, രാജ്യത്തെ മറ്റേത് സംസ്ഥാനത്തെക്കാളും കമ്മീഷൻ തുക വർദ്ധനവോടുകൂടി നടപ്പാക്കിയ ഒരു സംസ്ഥാനമാണ് കേരളം. മാത്രമല്ല, കേരളത്തിലെ റേഷൻ വ്യാപാരികൾക്ക് കിറ്റ് വിതരണവുമായി ബന്ധപ്പെട്ടുള്ള കമ്മീഷനൊഴികെ എല്ലാ മാസവും നൽകേണ്ട കമ്മീഷൻ, ഇക്കഴിഞ്ഞ മാസം വരെയും കൃത്യമായി നൽകിയിട്ടുണ്ട്. 14200-ഓളം കടകളിൽ കുറച്ച് കടകൾക്ക് ബഹുമാനപ്പെട്ട അംഗം പറഞ്ഞ പ്രശ്നങ്ങളുണ്ട്. എന്നാൽ ബഹുഭൂരിപക്ഷം കടകൾക്കും അത്തരത്തിലുള്ള ഗുരുതരമായ സാഹചര്യമില്ല. എങ്കിലും റേഷൻ

വ്യാപാരികളുടെ ജീവിതനിലവാരവുമായി താരതമ്യപ്പെടുത്തുമ്പോൾ അവർക്ക് കൊടുക്കുന്ന കമ്മീഷനിൽ വർദ്ധനവ് വരുത്തേണ്ട വിഷയങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് വരുമ്പോൾ അതിനനുസൃതമായി കാര്യങ്ങൾ ആലോചിക്കാവുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, റേഷൻ വ്യാപാരികൾക്ക് പലതരത്തിലുള്ള ബുദ്ധിമുട്ടുകളുണ്ട്. മേൽപ്പറഞ്ഞ ചോദ്യത്തിൽ ഭക്ഷ്യവസ്തുക്കൾ കയറ്റുമ്പോഴും ഇറക്കുമ്പോഴുമുണ്ടാകുന്ന ലീക്കേജിനെക്കുറിച്ച് ഞാൻ പറഞ്ഞിട്ടില്ല.

കോവിഡ് കാലത്ത് നാം സുരക്ഷിതരായി വീടുകളിൽ ഒതുങ്ങിയ അപായ സാഹചര്യത്തിൽപ്പോലും കിറ്റുകൾ വിതരണം ചെയ്ത റേഷൻ വ്യാപാരികൾക്ക് ഇപ്പോഴും അതിന്റെ കമ്മീഷൻ കൊടുത്തിട്ടില്ല. ജീവൻ പണയപ്പെടുത്തി ജനങ്ങളെ സേവിച്ചവരാണ് അവർ. അവരിൽ മരണപ്പെട്ട വ്യാപാരികളുമുണ്ട്. അക്കാര്യത്തിൽ ദയാപൂർണ്ണമായ, മനുഷ്യത്വപരമായ ഒരു നടപടി അങ്ങ് സ്വീകരിക്കണം. കോവിഡ് കാലത്ത് മുടങ്ങിയ അവരുടെ

കമ്മീഷൻ തുക കുടിശ്ശിക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കോവിഡ് കാലത്ത് അവർ നടത്തിയ പ്രവർത്തനങ്ങൾക്കാവശ്യമായ സംരക്ഷണവും പരിഗണനയുമാണ് ഈ സർക്കാർ കൊടുത്തിട്ടുള്ളത്. കേരളത്തിലെ മറ്റൊരു മേഖലയ്ക്കും ഒരു ഇൻഷ്വറൻസ് കവറേജ് കൊടുത്തിരുന്നില്ല. എന്നാൽ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികളായിരുന്ന, ആ കാലഘട്ടത്തിൽ മരണപ്പെട്ട ആളുകൾക്ക് ഇൻഷ്വറൻസിന്റെ കവറേജ് നൽകുന്ന നിലപാട് ഈ ഗവൺമെന്റ് സ്വീകരിക്കുകയുണ്ടായി. താങ്കൾ പറഞ്ഞ വിഷയവുമായി ബന്ധപ്പെട്ട് ധാരാളം സേവനപ്രവർത്തനങ്ങൾ ഒരുമിച്ച് നടത്തിയവരാണ് നമ്മൾ. റേഷൻ വ്യാപാരികൾ മാത്രമല്ല കേരളത്തിലെ നന്മ നിറഞ്ഞ മനസ്സുള്ള എല്ലാവരും കോവിഡിനെ അതിജീവിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ രംഗത്തിറങ്ങിയവരാണ്. റേഷൻ കട വ്യാപാരികൾ കേസിനുപോയ സാഹചര്യത്തിൽ അവർക്ക് കമ്മീഷൻ തുക

കൊടുക്കണമെന്ന് ബഹുമാനപ്പെട്ട കോടതി ഉത്തരവായിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, എല്ലാവിധ പരിരക്ഷയും കൊടുത്തുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചു, എന്നാൽ കാശ് കൊടുത്തിട്ടില്ല. കോടതി ഉത്തരവുണ്ടായിട്ടുപോലും സംസ്ഥാന സർക്കാർ ഇതുവരെ റേഷൻ വ്യാപാരികൾക്ക് കോവിഡ് കാലത്തെ കമ്മീഷൻ നൽകിയിട്ടില്ല. ഗുരുതരമായ അനാസ്ഥയാണ് സർക്കാർ കാണിക്കുന്നത്. കോവിഡ് കാലത്ത് ജനങ്ങൾക്കുവേണ്ടി കാര്യക്ഷമമായി പ്രവർത്തിച്ച റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള മുഴുവൻ കമ്മീഷൻ തുകയും നൽകുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പിലേയ്ക്കെത്തിയ വ്യാപാരികൾക്ക് കോടതി വിധിയനുസരിച്ച് കൃത്യമായി പണം കൊടുത്തിട്ടുണ്ട്. കേസുമായി ബന്ധപ്പെട്ട് രണ്ടാമത് കക്ഷി ചേർന്ന ആളുകളെ സംബന്ധിച്ച് ഈയടുത്ത കാലത്താണ് വിധിയുണ്ടായത്. അക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, സപ്ലൈകോയുടെ വിപണി ഇടപെടലിന് ഇത്തവണത്തെ ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമാണോ; കൂടുതൽ തുക ആവശ്യപ്പെട്ട് മന്ത്രിതലത്തിൽ ഏതെങ്കിലും തരത്തിലുള്ള ചർച്ച നടത്തിയിട്ടുണ്ടോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗത്തിനുതന്നെ ഇക്കാര്യത്തെക്കുറിച്ച് നന്നായി അറിയാവുന്നതാണ്. താങ്കൾ മന്ത്രിയായിരുന്ന 2011-16 കാലയളവിൽ സപ്ലൈകോയ്ക്ക് വിപണി ഇടപെടലുമായി ബന്ധപ്പെട്ട് സർക്കാർ കൊടുക്കാനുള്ള തുക 347 കോടി രൂപയാണ്. അന്നുമുതൽ തന്നെ വിപണി ഇടപെടലുമായി ബന്ധപ്പെട്ട്, കാലാകാലങ്ങളിൽ അത്തരം നടപടികളുടെ ഭാഗമായി കുറച്ചുകാലത്തെ ബാധ്യതകളുണ്ടായിട്ടുണ്ട്. അത് നൽകാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. എന്നാൽ നമ്മുടെ ആഗ്രഹത്തിനും അവരുടെ പ്രവർത്തനത്തിനും അനുസൃതമായ തുക ലഭ്യമാക്കാനാണ് കേരളത്തിലെ സർക്കാർ ശ്രമിക്കുന്നത്. സപ്ലൈകോയെ സംരക്ഷിക്കാനും കേരളത്തിലെ ജനങ്ങൾക്ക് ആശ്വാസം പകരാനും വിപണിയിൽ ഫലപ്രദമായ ഇടപെടൽ നടത്തുന്നതിനുമെല്ലാം കഴിഞ്ഞ എട്ട് വർഷമായി കേരള സർക്കാർ മാതൃകാപരമായ ഇടപെടലാണ്

നടത്തിയിട്ടുള്ളത്. അതുകൊണ്ടാണ് രാജ്യത്തെ വില വർദ്ധനവ് ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളം നിലനിൽക്കുന്നതെന്ന് നമുക്കെല്ലാം അറിയുന്ന വിഷയമാണ്. അക്കാര്യത്തിൽ സർക്കാരിന്റെ ഇച്ഛാശക്തിയെ നിങ്ങൾ ചോദ്യം ചെയ്യേണ്ടതില്ല കാരണം, സർക്കാർ ജനങ്ങളോടൊപ്പമാണ്. വിപണി ഇടപെടലിനുവേണ്ടി കഴിഞ്ഞ വർഷത്തേക്കാൾ 15 കോടി രൂപ അധികമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അനുവദിച്ചിട്ടുണ്ട്. അതുകൊണ്ടുമാത്രം പരിഹരിക്കുമെന്നല്ല പറയുന്നത്. താങ്കളുൾപ്പെടെ ആ കാലഘട്ടത്തിലുണ്ടാക്കിയ കുടിശ്ശിക വളരെ കൂടുതലാണ്. അത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. മാണി സി. കാപ്പൻ: സർ, സംസ്ഥാനത്ത് എൻ.പി.ഐ. കാർഡ് ഉടമകൾക്ക് സാധാരണ കുത്തരി കൊടുക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. എന്നാൽ ഈ കുത്തരി ലഭിക്കാത്ത സാഹചര്യത്തിൽ കേവലം രണ്ട് കിലോ വീതം ലഭിക്കുന്ന ടി വിഭാഗക്കാർക്ക് എല്ലാവിധ അരിയും വിതരണം ചെയ്യാൻ സർക്കാർ തയ്യാറാകുമോ, അതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ച വിഷയത്തെക്കുറിച്ച് ഈ സഭ തന്നെ നന്നായി മനസ്സിലാക്കേണ്ടതുണ്ട്. 43 ശതമാനം മലയാളികൾ മാത്രമേ കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യസുരക്ഷയിലുള്ളൂ. ബാക്കിയുള്ള 57 ശതമാനം ആളുകൾക്കും യാതൊരു സഹായവും കേന്ദ്രം നൽകുന്നില്ലെന്നത് ഒരു വസ്തുതയാണ്. എന്നാൽ, കേരളത്തിലെ സർക്കാർ കഴിഞ്ഞ ഒന്നാം പിണറായി സർക്കാരിന്റെ കാലം മുതൽ കേന്ദ്ര സർക്കാരിൽനിന്നും 3 രൂപ വില നൽകി വാങ്ങുന്ന അരിയാണ് ഇവിടത്തെ ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി നൽകിയിരുന്നത്. ഇക്കഴിഞ്ഞ വർഷംവരെ ആ സൗജന്യം കേരളത്തിലെ ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് ലഭിച്ചതാണ്. ഇപ്പോൾ കേന്ദ്ര സർക്കാരെടുത്ത നിലപാടാണ്, കേരളത്തിൽ അത്തരം വിഭാഗത്തിന് സൗജന്യമായി അരി നൽകാൻ മറ്റ് വിഭാഗത്തിന്റെ ടേൺ ഓവർ വിഹിതം കുറച്ചുകൊണ്ടുവരികയാണ്. നമ്മുടെ നാട്ടിലെ 57 ശതമാനം വരുന്ന നീല/വെള്ള കാർഡ് ഉടമകൾക്ക് വില കുറച്ച് 4 രൂപയ്ക്ക് അരി ലഭിക്കുന്നത് കേരളത്തിലെ സർക്കാരിന്റെ ഇടപെടലും താൽപ്പര്യവുംമൂലമാണ്. കേന്ദ്ര സർക്കാരിൽനിന്നും 8 രൂപ 30 പൈസയ്ക്ക് വാങ്ങുന്ന അരി, കേരളത്തിലെ 32

ലക്ഷത്തോളം വരുന്ന നീല കാർഡ് ഉടമകൾക്ക് കേരളത്തിലെ സർക്കാർ 4 രൂപയ്ക്കാണ് നൽകുന്നത്. നീല/വെള്ള കാർഡ് ഉടമകൾക്കും നൂറുശതമാനവും റേഷന്റെ പരിധിയിൽ വന്നിരിക്കുന്ന ജനതയ്ക്കും കേരള സർക്കാരിന്റെ ബാധ്യതയിലാണ് എല്ലാ ഭക്ഷ്യധാന്യ വിതരണവും അതുമായി ബന്ധപ്പെട്ട പ്രവർത്തനവും നടത്തുന്നത്. അതുകൊണ്ട് താങ്കൾ പറഞ്ഞ വിഷയം, 2 കിലോ അരിയായി പരിമിതപ്പെടുത്തിയത് അത്തരത്തിലൊരു സാഹചര്യത്തിലാണ്. എന്നാൽ ഈ മാസവും ആ വിഭാഗത്തിന് 5 കിലോ അരി സ്പെഷ്യലായി നൽകിയിട്ടുണ്ട്. അവർക്ക് കേരളത്തിൽ സംഭരിക്കുന്ന നെല്ലിൽ നിന്നെടുക്കുന്ന ചമ്പാവരി അഥവാ കുത്തരി നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 50 മുതൽ 52 രൂപ വരെ വിപണിയിൽ വിലവരുന്ന അരി 10 രൂപ 90 പൈസയ്ക്ക് കേരളത്തിലെ റേഷൻ കടകളിലൂടെ ഈ ജനവിഭാഗത്തിന് കൊടുക്കുന്നത് വളരെ പ്രധാനപ്പെട്ട ഒരു വിപണി ഇടപെടലാണ്. അതിനനുസരിച്ച് നല്ലയിനം അരി തന്നെ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ഭാരത് അരി വിതരണവുമായി ബന്ധപ്പെട്ട വാർത്തകൾ പത്രമാദ്ധ്യമങ്ങളിലൂടെ വന്നുകൊണ്ടിരിക്കുകയാണ്. ഭാരത് അരി

വിതരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റിനോ സിവിൽ സപ്ലൈസ് കോർപ്പറേഷനോ എന്തെങ്കിലും ഉത്തരവാദിത്തമുണ്ടോ; ഭാരത് അരി വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; എങ്ങനെ വിതരണം ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, കേന്ദ്ര ഗവൺമെന്റ് പല രൂപത്തിൽ കേരളത്തിലെ ഭക്ഷ്യ-പൊതുവിതരണ രംഗത്ത് ഇടപെടലുകൾ നടത്തുകയാണ്. അവർ നമ്മുടെ നാട്ടിലെ വെള്ള, നീല കാർഡുടമകൾക്ക് നൽകിയിരുന്ന ഗോതമ്പ് പൂർണ്ണമായും നിർത്തലാക്കി. കേരളത്തിന് ലഭിച്ചിരുന്ന മണ്ണെണ്ണയുടെ അളവ് മൂന്ന് മാസത്തിലൊരിക്കൽ കാൽ ലിറ്ററായി പരിമിതപ്പെടുത്തി. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. ഇവിടെ ഉൽപ്പാദിപ്പിക്കുന്നത് 15 ശതമാനം അരി മാത്രമാണ്. എന്നാൽ നമുക്കാവശ്യമായ അരിവിഹിതം വർദ്ധിപ്പിച്ച് നൽകണമെന്നുള്ളത്, നമുക്ക് മുമ്പ് ലഭിച്ചിരുന്ന വിഹിതം പുന:സ്ഥാപിക്കണമെന്ന ആവശ്യം ഈ സഭതന്നെ കേന്ദ്ര ഗവണമെന്റിനോട് ആവശ്യപ്പെട്ടതാണ്. അതിനോടുപോലും അനുകൂല നിലപാട് സ്വീകരിച്ചില്ല. കഴിഞ്ഞ എട്ടുവർഷത്തിനുള്ളിൽ ഒരു കിലോ അരിപോലും കേരളത്തിന് വർദ്ധിപ്പിച്ചുനൽകാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായിട്ടില്ല. എന്നാൽ കേരളം ഫലപ്രദമായ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുന്ന ഒരു സംസ്ഥാനമാണ്. നമ്മൾ

കാലാകാലങ്ങളിൽ എഫ്.സി.ഐ.-യിൽനിന്നും ലേലത്തിൽ ഒ.എം.എസ്. സ്കീം പ്രകാരം സപ്ലൈകോയിലൂടെ 24 രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന നിലപാടാണ് സ്വീകരിച്ചത്. ആ 24 രൂപയ്ക്ക് നൽകുന്ന അരിയാണ് കേന്ദ്ര ഗവൺമെന്റ് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്കും അതുപോലെ സംസ്ഥാനത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഒ.എം.എസ്. സ്കീമനുസരിച്ച് ലേലത്തിൽ പങ്കെടുക്കാൻ കഴിയാത്ത നിബന്ധനയുണ്ടാക്കിയിരിക്കുന്നത്. ആ നിബന്ധനയുണ്ടാക്കിയിട്ടാണ് 29 രൂപ നിരക്കിൽ ആ അരി കേരളത്തിലെ മാർക്കറ്റുകളിൽ വിതരണം ചെയ്യുന്നത്. ഒരു ഫെഡറൽ സംവിധാനത്തിൽ ഒരിക്കലും ചെയ്യാൻ പാടില്ലാത്ത രീതിയാണിത്. കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലുമായി 14,000-ലധികം റേഷൻ കടകൾ, ഫലപ്രദമായ പൊതുവിതരണ സംവിധാനങ്ങളുള്ളപ്പോൾ അതിലൂടെ വിതരണം ചെയ്യുന്നതിനുപകരം ചെറിയ കച്ചവടക്കാർ കൊണ്ടുപോകുന്നതുപോലെ കേന്ദ്ര ഗവൺമെന്റ് നേരിട്ട് നാട്ടിൻപുറങ്ങളിലെയും നഗരങ്ങളിലെയും മാർക്കറ്റുകളിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന അവസ്ഥയാണ് ഇന്ന് സൃഷ്ടിച്ചിരിക്കുന്നത്. ഈ നടപടി ഒരിക്കലും പ്രതീക്ഷിച്ചതല്ല, ഈ അരി കേരളത്തിലെ സർക്കാർ ഏജൻസിയായ സപ്ലൈകോയിലൂടെ നൽകിയിരുന്നുവെങ്കിൽ സംസ്ഥാനത്തിന് 25 രൂപ നിരക്കിൽ കൊടുക്കാൻ കഴിയുമായിരുന്നു. 25 രൂപ നിരക്കിൽ

കൊടുക്കാൻ കഴിയുന്ന അരിയാണ് 29 രൂപ നിരക്കിൽ കൊടുക്കുന്ന തരത്തിലേയ്ക്ക് മാറിയിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് രാഷ്ട്രീയപരമായിട്ടാണോ ഇത്തരം നിലപാടുകൾ സ്വീകരിക്കുന്നതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഭാരത് അരി വിതരണവുമായി ബന്ധപ്പെട്ട് സർക്കാരിന് യാതൊരു അറിവുമില്ല. കേന്ദ്ര ഗവൺമെന്റ് നേരിട്ട് അവരുടെ ഏജൻസികൾ വഴി വിതരണം ചെയ്യുന്നതാണ്. അതിൽ ഒരു നിയന്ത്രണവും കാണുന്നില്ല. സാധാരണ റേഷൻ കാർഡുടമകളോ, ഒരാൾക്ക് വിതരണം ചെയ്തുവെന്ന് ഉറപ്പാക്കുന്ന വ്യവസ്ഥകളോ അത്തരത്തിലുള്ള ഒന്നുംതന്നെ ഈ അരി വിതരണത്തിൽ കാണുന്നില്ല. അതുകൊണ്ട് ഇത്തരത്തിൽ അരി വിതരണം ചെയ്യാനുള്ള  തീരുമാനം പുന:പരിശോധിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, റേഷൻ കടകളുടെ ബ്രാന്റിംഗിന്റെ ഭാഗമായി പ്രധാനമന്ത്രിയുടെ ചിത്രവും സെൽഫി പോയിന്റും ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ  ലോഗോയുമടങ്ങുന്ന ഫ്ലക്സ് ബോർഡുകൾ സംസ്ഥാനത്തിലെ തെരഞ്ഞെടുക്കപ്പെട്ട 500 റേഷൻ കടകൾക്കുസമീപം സ്ഥാപിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; പ്രസ്തുത റേഷൻ കടകൾ തെരഞ്ഞെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലെ നിബന്ധനകൾ എന്തെല്ലാമാണ്; ഇതിനാവശ്യമായ തുക ഏത് ഫണ്ടിൽനിന്നും വിനിയോഗിക്കും?

ശ്രീ. ജി. ആർ. അനിൽ: സർ, താങ്കൾ സൂചിപ്പിച്ച വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രധാനമന്ത്രിയുടെ ചിത്രം ആലേഖനം ചെയ്തിട്ടുള്ള ഫ്ലക്സ് ബാനറുകൾ സംസ്ഥാനത്തെ 14,000-ൽ അധികം റേഷൻ കടകളിൽ സ്ഥാപിച്ച് റിപ്പോർട്ടുനൽകാൻ എഫ്.സി.ഐ.-യേയും സംസ്ഥാന ഭക്ഷ്യ വകുപ്പിനേയും കേന്ദ്ര ഗവൺമെന്റ് ചുമതലപ്പെടുത്തിയിരിക്കുകയാണ്. കൂടാതെ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 550 റേഷൻ കടകളിൽ പ്രധാനമന്ത്രിയുടെ സെൽഫി പോയിന്റുകൾ സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുകയും അത് പരിശോധിക്കുന്നതിന് എഫ്.സി.ഐ. ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിരിക്കുകയുമാണ്. കേന്ദ്ര സർക്കാരിന്റെ ലോഗോ പതിച്ച ക്യാരി ബാഗുകൾ ഭക്ഷ്യധാന്യ വിതരണം നടത്തുന്നതിനുള്ള പരിപാടിയായി മുന്നോട്ടുവച്ചിട്ടുണ്ട്. എഫ്.സി.ഐ., എൻ.എഫ്.എസ്.എ. നിയമപ്രകാരം അവകാശപ്പെട്ട ഭക്ഷ്യധാന്യ വിതരണം തെരഞ്ഞെടുപ്പ് വർഷത്തിൽ ഈവിധത്തിൽ പ്രചരണത്തിന് ഉപയോഗിക്കുന്നത് സംസ്ഥാന സർക്കാർ ഒരുവിധത്തിലും അംഗീകരിക്കുന്നില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ദീർഘകാലമായി റേഷൻ വിതരണം നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. അതിന്റെ ഭാഗമായി റേഷൻ കടകളും നിലനിൽക്കുന്നുണ്ട്. ഇതുവരെയില്ലാത്ത ഒരു പുതിയ പ്രചരണ

പരിപാടിയാണ് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളത്. ഇത് ലോക്സഭാ തെരഞ്ഞെടുപ്പ് അടുത്ത ഘട്ടത്തിൽ, തീർച്ചയായും ആ തെരഞ്ഞെടുപ്പ് പ്രചരണത്തിനുവേണ്ടിയുള്ളതാണ്. ഈ കാര്യം കാണിച്ചുകൊണ്ട് കേന്ദ്ര സർക്കാരിനെത്തന്നെ ഈ നടപടി ശരിയല്ലെന്നും ഇതിവിടെ നടപ്പാക്കാൻ ബുദ്ധിമുട്ടാണെന്നും അറിയിക്കും. അതോടൊപ്പം തെരഞ്ഞെടുപ്പ് കമ്മീഷനെക്കൂടി ഇക്കാര്യം അറിയിക്കാൻ സാധിക്കില്ലേ എന്നും പരിശോധിക്കും.

<u>ശ്രീ. എച്ച്. സലാം</u>: സർ, ചരിത്രം സൃഷ്ടിച്ച നവകേരള സദസ്സിൽ ലഭ്യമായ അപേക്ഷകളിൽ ധാരാളം മുൻഗണനാ കാർഡുകൾക്കുള്ള അപേക്ഷ ലഭ്യമായിരുന്നു. അവയുടെ അർഹത പരിശോധിച്ച് മുൻഗണനാ കാർഡ് നൽകുന്നതിനാവശ്യമായ സംവിധാനം സർക്കാർ എങ്ങനെയാണ് ചെയ്തിട്ടുള്ളത്; ഇതുവരെ നൽകിയ കാർഡുകളുടെ വിവരങ്ങൾ ലഭ്യമാണെങ്കിൽ പ്രസ്തുത വിവരം കൂടി നൽകുമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, നവ കേരള സദസ്സിൽ ലഭിച്ച, ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെട്ട വിഷയത്തിൽ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മുൻഗണനാ കാർഡിന്റെ ആവശ്യം വളരെ ഗൗരവമായിത്തന്നെ എടുക്കുകയും ഈ സഭ നടക്കുന്നതിന് തൊട്ടുമുമ്പുള്ള ഒരാഴ്ചയിൽ കേരളത്തിലൊട്ടാകെയുള്ള അപേക്ഷകരിൽനിന്നും ലഭിച്ച അപേക്ഷകൾ പരിശോധിച്ച് അർഹതയുള്ളവർക്ക്

മുൻഗണനാ കാർഡ് നൽകാനുള്ള നടപടി സ്വീകരിക്കുകയുമുണ്ടായി. 82.69 ശതമാനം അപേക്ഷകൾക്ക് പരിഹാരം കാണാൻ സാധിച്ചു. ഓരോ താലൂക്ക് തിരിച്ചുമുള്ള കണക്കുകൾ മേശപ്പുറത്ത് വയ്ക്കുകയാണ്*. ഓരോ സ്ഥലത്തും നമ്മുടെ ബഹുമാനപ്പെട്ട അംഗങ്ങൾ ഭരണപക്ഷത്തുള്ളവർ മാത്രമല്ല, പ്രതിപക്ഷത്തുള്ള എം.എൽ.എ.-മാരും നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകളിൽ പരിഹാരമുണ്ടാക്കിയ കാർഡുകൾ വിതരണം ചെയ്തുവെന്ന സന്തോഷകരമായ കാര്യം ഈ സഭയിൽ അറിയിക്കുകയാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പാർലമെന്റ് തെരഞ്ഞെടുപ്പിന് മുന്നോടിയായി ഭാരത് അരി എന്ന പേരിൽ.... ഇവിടെ നേരത്തെ പരാമർശിക്കപ്പെട്ട വിഷയമാണ്. കേന്ദ്ര ഗവൺമെന്റ് ഏജൻസികൾ 29 രൂപ നിരക്കിൽ യാതൊരു നിബന്ധനകളോ നിയന്ത്രണങ്ങളോ ഇല്ലാതെ തെരുവിൽ കൊണ്ടുപോയി കച്ചവടം നടത്തുകയാണ്. യഥാർത്ഥത്തിൽ ജനങ്ങളെ പറ്റിക്കുകയാണെന്ന കാര്യം അവർക്കറിയില്ല. രണ്ട് രൂപയ്ക്കും അഞ്ചുരൂപയ്ക്കും പത്തുരൂപയ്ക്കും സംസ്ഥാന സർക്കാർ കൊടുക്കുന്ന അരിയാണ് 29 രൂപ നിരക്കിൽ കേന്ദ്ര ഗവൺമെന്റ് ഏജൻസികൾ ഭാരത് അരിയെന്ന പേരിൽ വിതരണം ചെയ്യുന്നത്. ഇക്കാര്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്തി ഇത് വലിയൊരു തട്ടിപ്പാണെന്ന് അവരെ അറിയിക്കാൻ സാധിക്കുമോ?

---

* അനുബന്ധമായി ചേർക്കുന്നു.

<u>ശ്രീ. ജി. ആർ. അനിൽ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ വ്യക്തമായും വിശദമായും മറുപടി പറയുകയുണ്ടായി. എന്തായാലും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ 29 രൂപ വില നിശ്ചയിച്ച് അരി വിതരണം ചെയ്യുന്നതിന്റെ വസ്തുതകൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**ദേശീയ ജലപാത പദ്ധതി**

(*152) <u>ഡോ. സുജിത് വിജയൻപിള്ള</u>:
<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>:
<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>:
<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ല മുതൽ ബേക്കൽ വരെയുള്ള പശ്ചിമതീര കനാലിന്റെ വികസനത്തിലൂടെ സംസ്ഥാനത്ത് ദേശീയ ജലപാത പദ്ധതി സാക്ഷാത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ദേശീയ ജലപാത നിർമ്മാണവുമായി ബന്ധപ്പെട്ട് കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; ഇതിൽ എത്ര

പദ്ധതികൾ ഇതിനകം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി കനാലുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് പുതിയ കനാലുകൾ നിർമ്മിക്കേണ്ടിവരുന്നത് എവിടെയെല്ലാമാണെന്നും ആയതിന് എത്ര കിലോമീറ്റർ ദൈർഘ്യം വരുമെന്നും വ്യക്തമാക്കുമോ;

(ഡി) ദേശീയ ജലപാതയെ ഉൾനാടൻ ജലഗതാഗത പാതകളുമായി സംയോജിപ്പിക്കുന്നതിനും അതുവഴി പ്രാദേശിക ജലഗതാഗതവും ചരക്കുനീക്കവും ടൂറിസം വികസനവും സാധ്യമാക്കുന്നതിനും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) സംസ്ഥാനത്ത് തെക്ക് കോവളം മുതൽ വടക്ക് ബേക്കൽ വരെ പശ്ചിമതീര കനാൽ (വെസ്റ്റ് കോസ്റ്റ് കനാൽ) ജലപാത നിർമ്മാണ പ്രവൃത്തി മൂന്ന് ഘട്ടങ്ങളായി വിഭാവനം ചെയ്തിട്ടുള്ളതിൽ രണ്ടാംഘട്ട പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്.

രണ്ടാം ഘട്ടത്തിൽ ഏകദേശം 85 കി.മീ. ദൂരത്തിൽ വിവിധ ഇടങ്ങളിലുള്ള കനാലുകൾ (വടകര-മാഹി കനാലുകൾ ഉൾപ്പെടെ) പൂർണ്ണതോതിൽ വികസിപ്പിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ പാലങ്ങൾ പുനർനിർമ്മിക്കുകയും ചെയ്ത്, 2025-ൽ ഗതാഗത യോഗ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ, മാഹി-വളപട്ടണം, നീലേശ്വരം-ബേക്കൽ എന്നിവിടങ്ങളിൽ പുതിയ കനാലുകൾ നിർമ്മിക്കുന്നതിനുള്ള ഭൂമി രണ്ടാം ഘട്ടത്തിൽ ഏറ്റെടുക്കും.

മൂന്നാം ഘട്ടത്തിൽ വിവിധയിടങ്ങളിലായി 61 കി.മീ. ദൂരത്തിലുള്ള കനാലുകൾ, " കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട്" ഉൾപ്പെടെ, പൂർത്തീകരിക്കാനും പശ്ചിമതീര കനാലുകളുടെ ടെർമിനൽ നിർമ്മാണവും ഫീഡർ കനാലുകളുടെ വികസനവും പൂർത്തിയാക്കാനാണ് ശ്രമിക്കുന്നത്.

## പ്രവൃത്തിയുടെ പുരോഗതി

കോവളം മുതൽ ബേക്കൽവരെ 616 കി.മീ. ദൈർഘ്യമുള്ള പശ്ചിമതീര ജലപാതയുടെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ഗതാഗതയോഗ്യമാണ്. കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി.മീറ്ററിൽ, ആക്കുളം മുതൽ കൊല്ലം വരെയുള്ള 60.18 കി.മീ. ജലപാത

ദേശീയ ജലപാതാ നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പ്രവൃത്തി 2024 ഡിസംബറോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. കോട്ടപ്പുറം മുതൽ കല്ലായിവരെ 160 കിലോമീറ്റർ ഭാഗം നാഷണൽ വാട്ടർവേ ആയി പ്രഖ്യാപിച്ച് കേന്ദ്രം ഏറ്റെടുത്തിട്ടുള്ളതാണ്. ഇൻലാൻഡ് വാട്ടർവേ അതോറിറ്റി ഓഫ് ഇന്ത്യ വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കാത്തതിനാൽ IWAI-യുടെ വികസന പദ്ധതികൾ ആരംഭിച്ചിട്ടില്ല. എന്നാൽ, സംസ്ഥാന സർക്കാർ കനാലുകളുടെ ആഴം കൂട്ടി ഗതാഗതയോഗ്യമാക്കാനുള്ള പ്രവൃത്തികൾ നടപ്പാക്കിവരുന്നു. വെസ്റ്റ് കോസ്റ്റ് കനാലിൽ വിവിധ ഭാഗങ്ങളിൽ നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി താഴെ പറയുന്നു:

**<u>കോവളം - കൊല്ലം</u>**

കോവളം മുതൽ കൊല്ലം വരെയുള്ള സംസ്ഥാന ജലപാത, ദേശീയ ജലപാതാ നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിൽ കോവളം മുതൽ അഷ്ടമുടി കായൽ സൗത്ത് വരെയുള്ള (74.18 കി.മീ) ഭാഗത്തെ 51 കി.മീ. ഗതാഗതയോഗ്യമാണ്.

കോവളം മുതൽ കായംകുളം വരെ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് നടപ്പാക്കിവരുന്ന നിർമ്മാണപ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. കൂടാതെ, കോവളം മുതൽ വർക്കല വരെ കനാൽ വികസനത്തിന്റെ ഭാഗമായി കനാൽ പുറമ്പോക്കിൽ താമസിക്കുന്ന 1480 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിനകം 512 കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്.

<u>കോവളം - കൊല്ലം ഭാഗത്ത് നടന്നുവരുന്ന മറ്റ് പ്രവൃത്തികൾ:</u>

1. പനത്തുറ, പുത്തൻപാലം സ്റ്റീൽ പാലങ്ങളുടെ നിർമ്മാണം ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് ആരംഭിക്കും.

2. ടി. എസ്. കനാലിന് കുറുകെ കരിക്കകം സ്റ്റീൽ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

3. ചെയിനേജ് 16.09 കി.മീ. മുതൽ 22.55 കി.മീ. വരെ വീതിയും ആഴവും കൂട്ടുന്ന പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. 2024 മാർച്ച് അവസാനത്തോടുകൂടി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

4. സെന്റ് ആൻഡ്രൂസ് പാലത്തിന്റെ നിർമ്മാണം 70% പൂർത്തീകരിച്ചു.

5. അനക്കപ്പിള്ള മുതൽ ചാന്നാങ്കര വരെയുള്ള പ്രവൃത്തി പൂർത്തീകരിച്ചു.

6. ചിലക്കൂർ ടണൽ ഉൾപ്പെടുന്ന ചെയിനേജ് 46.00 കി.മീ. മുതൽ 49.00 കി.മീ. വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തിയിൽ ടണൽ ക്ലീനിംഗ് പൂർത്തീകരിക്കുകയും അനുബന്ധപ്രവൃത്തികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

7. ചെയിനേജ് 49740 മീ. മുതൽ ചെയിനേജ് 50900 മീ. വരെയും ചെയിനേജ് 50900 മീ. മുതൽ ചെയിനേജ് 52200 മീ. വരെയുമുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനപ്രവർത്തനങ്ങൾ ടെണ്ടർ നടപടികളിലാണ്.

8. വർക്കല റാത്തിക്കൽ ജുമാമസ്ജിദിനു സമീപമുള്ള പാർശ്വഭിത്തി നിർമ്മാണപ്രവൃത്തി 70% പൂർത്തീകരിച്ചു. ടി ഭാഗത്തെ ഡ്രയിൻ നിർമ്മാണപ്രവൃത്തി 63% പൂർത്തീകരിച്ചു. താഴെവെട്ടൂർ മസ്ജിദിന് സമീപമുള്ള പാർശ്വഭിത്തി നിർമ്മാണം 75% പൂർത്തീകരിച്ചു.

9. പരവൂർ മുതൽ ഇരവിപുരം വരെയുള്ള കനാലിന്റെ ആഴം കൂട്ടൽ പ്രവൃത്തി പൂർത്തീകരിച്ചു.

10. കച്ചിക്കടവ് മുതൽ ജലകേളീകേന്ദ്രം വരെയുള്ള വികസനപ്രവൃത്തികൾ 50% പൂർത്തീകരിച്ചു.

11. കല്ലുപാലം പണി പൂർത്തീകരിച്ചു.

12. കഠിനംകുളം, അരിവാളം, കാപ്പിൽ, അഷ്ടമുടി - വള്ളക്കടവ്, നെല്ലേറ്റിൽ കടവ്, കാപ്പിൽ കടവ് എന്നീ ബോട്ടുജെട്ടികളുടെ നിർമ്മാണം പൂർത്തീകരിച്ചു. ഗുഹാനന്ദപുരം, ചേരിക്കടവ്, തോലുകടവ് എന്നീ ബോട്ടുജെട്ടികളുടെ നിർമ്മാണം 75% പൂർത്തീകരിച്ചു.

ടൂറിസം വകുപ്പിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന പ്രവൃത്തികളായ കായിക്കര കടവ് ബോട്ടുജെട്ടി നിർമ്മാണം പൂർത്തീകരിക്കുകയും പുത്തൻകടവ് ബോട്ടുജെട്ടി നിർമ്മാണം 71.7%-വും പണയിൽകടവ് ബോട്ടുജെട്ടി നിർമ്മാണം 78%-വും മുരുക്കുംപുഴ ബോട്ടുജെട്ടി നിർമ്മാണം 28%-വും പൂർത്തീകരിച്ചിട്ടുണ്ട്.

13. ഇരവിപുരത്ത് സെന്റ് ജോൺസ് ബാപ്റ്റിസ്റ്റ് പള്ളിക്ക് സമീപം കാരുണ്യതീരം മുതൽ ഇരവിപുരം പാലം [റീച്ച്-2, (ചെയിനേജ് 330 മീ. - 680 മീ.)] വരെയുള്ള കൊല്ലംതോടിന്റെ വലതുകര സംരക്ഷണ പ്രവൃത്തി 42% പൂർത്തീകരിച്ചു.

14. കൊല്ലംതോടിന്റെ [റീച്ച് - 6, (ചെയിനേജ് 73.1 മുതൽ 73.50 കി.മീ. വരെ)] വലതുകരയുടെ സംരക്ഷണ പ്രവൃത്തി - 50% പൂർത്തീകരിച്ചു.

**<u>കൊല്ലം-കോട്ടപ്പുറം</u>**

കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത-3 (NW-3)-ൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ഗതാഗതയോഗ്യമാണ്. ഇതിൽ ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഭാഗത്ത് IWAI-യുടെ ഡെപ്പോസിറ്റ് ഫണ്ടുപയോഗിച്ച് ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജിന്റെ നിർമ്മാണം ഉൾനാടൻ ജലഗതാഗത വകുപ്പ് നടത്തിവരുന്നു.

**<u>കോട്ടപ്പുറം - ചാവക്കാട്</u>**

തൃശ്ശൂർ-കാട്ടൂർ, മധുരംപള്ളി ഭാഗത്ത് 5 കി.മീ. ദൂരത്തിൽ ആഴം കൂട്ടി ഗതാഗതയോഗ്യമാക്കി. തൃപ്രയാർ, കണ്ടശ്ശാൻ കടവ്, എനമാവ് എന്നിവിടങ്ങളിലായി 3 ബോട്ട് ജെട്ടികളുടെ നിർമ്മാണത്തിന് 2.25 കോടി രൂപയുടെ ഭരണാനുമതി നൽകി. ചേറ്റുവ-ചാവക്കാട് ഭാഗത്ത് ആഴം കൂട്ടുന്നതിനായി 1 കോടി രൂപ അനുവദിച്ചു. തൃശ്ശൂർ ജില്ലയിലെ വില്യംസ് ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികൾ നടത്തി ജലയാനങ്ങൾ കടന്നുപോകുന്നതിനുള്ള സൗകര്യങ്ങൾ ചെയ്യുന്നതിനായുള്ള പ്രവൃത്തികൾക്ക്

2.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ചാവക്കാട് പാലം മുതൽ തിരുവത്ര പാലം വരെയുള്ള ഭാഗം ആഴംകൂട്ടുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഉയരം കുറഞ്ഞതും വീതി കുറഞ്ഞതുമായ മറ്റ് 15 പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചശേഷം ഡിസൈൻ ലഭ്യമാക്കുന്നതിനായി ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡി(IDRB)-ലേയ്ക്ക് നൽകിയിട്ടുണ്ട്.

**<u>ചേറ്റുവ - കല്ലായി</u>**

പൊന്നാനിയിലെ വെളിയംകോട് ഭാഗത്ത് ദേശീയ ജലപാത-3 (NW-3)-ൽ 46 കോടി രൂപ ചെലവിൽ വെളിയംകോട് ലോക്ക്-കം-ബ്രിഡ്ജ് നിർമ്മാണപ്രവൃത്തി ദ്രുതഗതിയിൽ നടന്നുവരുന്നു. 2024 ആഗസ്റ്റോടെ പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. പൊന്നാനി ചേറ്റുവ കനാലിന്റെ 12.334 കി.മീ. ദൈർഘ്യമുള്ള ഭാഗത്തായി ഗതാഗതം സുഗമമാക്കുന്നതിനുവേണ്ടി 2.17 കോടി രൂപയുടെ ഡ്രഡ്ജിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂട്ടായി ലോക്ക്-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തിക്ക് NABARD– RIDF– Tranche XXIX-ൽ ഉൾപ്പെടുത്തി

അംഗീകാരം നൽകിയിട്ടുണ്ട്. ന്യൂ കട്ട് കനാൽ ഭാഗത്ത് റെഗുലേറ്റർ-കം-ലോക്കിന്റെ പര്യവേഷണപ്രവൃത്തികൾ നടന്നുവരുന്നു.

കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത-3 (328 കി.മീ.) കഴിഞ്ഞുവരുന്ന കല്ലായി മുതൽ ഇരഞ്ഞിക്കൽ വരെയുള്ള ഏകദേശം 11 കി.മീ. ദൂരത്തിലുള്ള കനോലി കനാലിന്റെ വികസനത്തിനായി "കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട്" എന്ന 1118 കോടി രൂപയുടെ പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്നതിന് ജലപാതാ വികസന പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ച്ചേഴ്സ് ലിമിറ്റഡ് (KWIL)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനായി വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുവേണ്ടി സർവ്വേ, മണ്ണ് പരിശോധന, മറ്റ് വിവരശേഖരണങ്ങൾ തുടങ്ങിയ നടപടികൾ കൺസൾട്ടന്റ് മുഖേന പൂർത്തിയാക്കിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

**ഇരഞ്ഞിക്കൽ - വടകര**

ഇരഞ്ഞിക്കൽ - കോരപ്പുഴ ഭാഗത്തെ ആഴം കൂട്ടുന്നതിനുള്ള ഡ്രഡ്ജിംഗും പയ്യോളി കനാലിന്റെ നവീകരണവും പുരോഗമിക്കുന്നു.

പെരുന്തുരുത്തി പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

<u>വടകര - മാഹി</u>

ഈ പാതയിൽ വരുന്ന മൂഴിക്കൽ ലോക്കിന്റെ നിർമ്മാണപ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. വെങ്ങോലി പാലത്തിന്റെ നിർമ്മാണപ്രവൃത്തി പൂർത്തീകരിച്ചു.

കനാൽ നിർമ്മാണം 5 റീച്ചുകളിലായി നടന്നുവരുന്നു.

റീച്ച്-1- പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തി ടെൻഡറിംഗ് ഘട്ടത്തിലാണ്.

റീച്ച്-2 - പൂർത്തീകരിച്ചു.

റീച്ച്-3 - 50% പൂർത്തീകരിച്ചിട്ടുണ്ട്. 800 മീറ്റർ ഉയർന്ന കട്ടിംഗ് ഭാഗത്തെ പര്യവേക്ഷണപ്രവൃത്തികൾ പൂർത്തീകരിച്ചു. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

റീച്ച്-4 - കനാൽ എസ്കവേഷൻ പ്രവൃത്തി 90% പൂർത്തിയായിട്ടുണ്ട്.

റീച്ച്-5 - പ്രവൃത്തി പൂർത്തീകരിച്ചു. പാർശ്വഭിത്തി സംരക്ഷണപ്രവൃത്തി പുരോഗമിക്കുകയാണ്.

**<u>മാഹി - വളപട്ടണം</u>**

കനാൽ നിർമ്മാണം 3 കട്ടുകളിലായി നടന്നുവരുന്നു.

ഒന്നാം കട്ട് – പുതിയ അലൈൻമെന്റ് അംഗീകരിച്ചു. ഭൂമിയേറ്റെടുക്കൽ പ്രവൃത്തിയുടെ 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.

രണ്ടാം കട്ട് – സാമൂഹികാഘാത പഠനം പൂർത്തീകരിച്ചു. ഭൂമിയേറ്റെടുക്കൽ പ്രവൃത്തിയുടെ 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.

മൂന്നാം കട്ട് - സാമൂഹികാഘാത പഠനം പൂർത്തീകരിച്ച് ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

**<u>നീലേശ്വരം - ബേക്കൽ</u>**

കോവളം-ബേക്കൽ ജലപാതയിൽ കാസർഗോഡ് ജില്ലയിൽ കൊറ്റി മുതൽ കോട്ടപ്പുറം (നീലേശ്വരം) വരെ 22 കി. മീ. ജലപാത നിലവിലുണ്ട്. നീലേശ്വരം കോട്ടപ്പുറം മുതൽ ബേക്കലിനു സമീപം ചിത്താരി വരെ 21.92 കി.മീ. നീട്ടുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ജലപാതയുടെ പ്രവർത്തനങ്ങൾക്കായി സർക്കാർ രൂപീകരിച്ച KWIL എന്ന SPV മുഖേന

നടപ്പാക്കുന്ന പദ്ധതിയിൽ നീലേശ്വരം പുഴയേയും ചിത്താരി പുഴയേയും ബന്ധിപ്പിച്ചുകൊണ്ട് കൃത്രിമ കനാൽ നിർമ്മിച്ച് ജലപാത വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. അലൈൻമെന്റ് തീരുമാനിച്ചശേഷം കനാലിൽ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിന് വാട്ടർ ബാലൻസ് സ്റ്റഡി & മോഡൽ സ്റ്റഡി പൂർത്തിയാക്കി. നമ്പ്യാർക്കലിൽ ഡൈവേർഷൻ കനാലിനായി 3.23 ഏക്കർ ഭൂമിയും നീലേശ്വരം ചിത്താരി പുഴകളെ ബന്ധിപ്പിക്കുന്ന കൃത്രിമ കനാലിനായി 105.90 ഏക്കറും സ്ഥലം ഏറ്റെടുക്കുന്നതിനായി KIIFB-ൽനിന്നും 178.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനായി LA തഹസിൽദാരെ ചുമതലപ്പെടുത്തുകയും ബെല്ല ഒഴികെയുള്ള വില്ലേജുകളിൽ 6(1) വിജ്ഞാപനം നടത്തുകയും ചെയ്തു. കൂടാതെ ഇരുപുഴകളിലും നിലവിലുള്ള ഉയരം കുറഞ്ഞ പാലങ്ങൾ പുതുക്കി പണിയുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡിസൈൻ ലഭ്യമാക്കി വരുന്നു. ഡിസൈൻ ലഭ്യമായ കോട്ടക്കടവ് അരയി സ്റ്റീൽ ഫൂട് ബ്രിഡ്ജിന്റെ നിർമ്മാണപ്രവൃത്തി പുരോഗമിക്കുന്നു.

(ബി) പശ്ചിമതീര കനാൽ (വെസ്റ്റ് കോസ്റ്റ് കനാൽ) ജലപാത വികസനപദ്ധതിയിൽ കിഫ്ബി ധനസഹായത്തോടുകൂടിയുള്ള പ്രവൃത്തികൾ

കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (ക്വിൽ) എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖേനയാണ് നടപ്പാക്കുന്നത്. കിഫ്ബി ധനസഹായ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| നം. | പദ്ധതി | അനുവദിച്ച തുക (കോടി രൂപ) | ജില്ല |
|---|---|---|---|
| 1 | പശ്ചിമ തീര കനാൽ വികസനം-പാർവ്വതീ പുത്തനാറിന്റെ പുനരുദ്ധാരണ പ്രവൃത്തി | 150.00<br>തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട് | തിരുവനന്ത പുരം |
| 2 | പശ്ചിമ തീര കനാൽ വികസനം - മാഹി - വളപട്ടണം സ്ട്രെച്ചിന്റെ വികസനം - പുനരധിവാസ പ്രവൃത്തികളും ഭൂമിയേറ്റെടുക്കലും | 650.00<br>തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട് | കണ്ണൂർ |
| 3 | പശ്ചിമ തീര കനാൽ വികസനം - വെസ്റ്റ് കോസ്റ്റ് കനാൽ - പുനരധിവാസ പാക്കേജ് | 247.20<br>വർക്കല, കഠിനംകുളം എന്നീ ഭാഗങ്ങളിലായി 516 കുടുംബങ്ങൾക്ക് പാക്കേജ് തുക അനുവദിച്ചു. പനത്തുറ മുതൽ ആക്കുളം വരെയുള്ള ഭാഗത്ത് 936 കുടുംബങ്ങൾക്ക് പാക്കേജ് അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. | തിരുവനന്ത പുരം |
| 4 | പാർവ്വതീ പുത്ത നാറിന്റെ വിക സനം- കോവളം - | 127.74<br>ഭൂമി ഏറ്റെടുക്കൽ നടപടികൾ | തിരുവനന്ത പുരം |

| | | | |
|---|---|---|---|
| | ആക്കുളം സ്ട്രെച്ചിലെ ഭൂമിയേറ്റെടുക്കൽ | പുരോഗമിക്കുന്നു. | |
| 5 | പശ്ചിമ തീര കനാൽ വികസനം - നീലേശ്വരം - ബേക്കൽ ഭൂമി ഏറ്റെടുക്കൽ | 178.15<br>കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ട് | കാസറഗോഡ് |
| 6 | കോഴിക്കോട് കനാൽ സിറ്റി പ്രോജക്റ്റ് | 1118.00<br>തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട് | കോഴിക്കോട് |
| 7 | ട്രാൻസിറ്റ് ഓറിയന്റഡ് ഡവലപ്മെന്റ് & അസസ്മെന്റ് ഓഫ് എക്കണോമിക് ഡവലപ്മെന്റ് ഓപ്പർച്യൂണിറ്റീസ് - പഠനം. | 300.00<br>തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട് | തിരുവനന്തപുരം |
| 8 | അരിവാളത്തിനും തൊട്ടിൽപാലത്തിനും ഇടയിലുള്ള കനാൽ തീരത്ത് നടപ്പാത നിർമ്മാണം, കനാൽ സൗന്ദര്യവൽക്കരണം, ലാൻഡ് സ്കേപ്പിംഗ് - ഒന്നാം ഘട്ട പ്രവൃത്തികൾ | 24.98<br>ടെണ്ടർ ഘട്ടത്തിലാണ്. | തിരുവനന്തപുരം |

(സി) ദേശീയജലപാതയെ തെക്ക്-വടക്ക് ബന്ധിപ്പിക്കാൻ കണ്ണൂർ ജില്ലയിൽ മാഹി-വളപട്ടണം റീച്ചിൽ മൂന്ന് ഭാഗങ്ങളിലായി 26 കി.മീറ്ററും

കാസർഗോഡ് ജില്ലയിൽ നീലേശ്വരം പുഴയ്ക്കും ചിത്താരി പുഴയ്ക്കും ഇടയിൽ 7.5 കി.മീറ്ററും പുതിയ കനാൽ നിർമ്മിക്കേണ്ടതുണ്ട്.

(ഡി) കേരളത്തിന്റെ തീരദേശത്തിന് സമാന്തരമായി കായലുകളേയും പുഴകളേയും ബന്ധിപ്പിച്ച് കോവളം മുതൽ ബേക്കൽ വരെ 616 കി.മീ. നീളത്തിലാണ് വെസ്റ്റ് കോസ്റ്റ് കനാൽ എന്നറിയപ്പെടുന്ന ജലപാത. ഇതിൽ കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ നീലേശ്വരം വരെയും 288 കി.മീ. ദൈർഘ്യത്തിൽ സംസ്ഥാന ജലപാതയും കൊല്ലം മുതൽ കോഴിക്കോട് വരെ (328 കി.മീ.) ഉൾനാടൻ ജലപാത അതോറ്റി ഓഫ് ഇൻഡ്യ (IWAI)-യുടെ അധീനതയിലുള്ള ദേശീയ ജലപാത (NW-3)-യുമാണ്.

നിലവിലുള്ള പാതകൾ ദേശീയനിലവാരത്തിൽ വികസിപ്പിക്കുന്നതിനൊപ്പം ലിങ്ക് കനാലുകളും ഫീഡർ കനാലുകളും ഗതാഗത യോഗ്യമാക്കുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്യുന്നുണ്ട്. വെസ്റ്റ് കോസ്റ്റ് കനാലിനെ വിവിധ നഗരങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കുന്നതിന് വിവിധ ജില്ലകളിലായി ലിങ്ക് കനാലുകളും ഫീഡർകനാലുകളുമായി 1100 കി.മീ. വരുന്ന

കനാൽശൃംഖല വികസിപ്പിക്കുന്നതിനും ചരക്ക് ഗതാഗതത്തിനും ടൂറിസത്തിനും പ്രയോജനം ലഭിക്കുന്ന ഫീഡർ കനാലുകളും ലിങ്ക് കനാലുകളും പഠനത്തിലൂടെ കണ്ടെത്തി മുൻഗണനാ ക്രമത്തിൽ ഏറ്റെടുത്ത് വികസിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

വെസ്റ്റ് കോസ്റ്റ് കനാൽ പൂർണ്ണതോതിൽ വികസിപ്പിക്കുന്നതോടുകൂടി ടൂറിസത്തിനും പ്രാദേശിക ജലഗതാഗതത്തിനും ചരക്ക് നീക്കത്തിനും കൂടുതൽ ഉത്തേജനം ലഭിക്കും.

ഡോ. സുജിത് വിജയൻപിള്ള: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ധീരമായ ഇടപെടലിൽ ദേശീയ ജലപാത 3-ന്റെ പ്രവർത്തന പുരോഗതി അതിശക്തമായി, വളരെവേഗം മുന്നോട്ടുപോകുകയാണ്. ദേശീയ ജലപാതയുടെ ഏറ്റവും വലിയ തർക്കമായിരുന്ന, ഒരു കുപ്പിക്കഴുത്തായിരുന്ന ചവറ മണ്ഡലത്തിലെ കോവിൽത്തോട്ടം പ്രദേശത്ത് മുഖ്യമന്ത്രിയുടെ നേരിട്ടുള്ള ഇടപെടലിൽ ഏതാണ്ട് 10 വർഷക്കാലമായി മുടങ്ങിക്കിടന്ന മൈനിംഗ് ഏരിയയിലെ തൊഴിൽ തർക്കമടക്കം അതിവേഗംതന്നെ പരിഹരിച്ചുകൊണ്ട്, അവിടത്തെ പാലത്തിന്റെ ഡിസൈനടക്കമുള്ള തർക്കങ്ങൾ പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ സാധിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട വ്യവസായ മന്ത്രിയുടെയും ഇടപെടൽ ഇക്കാര്യത്തിലുണ്ടായിട്ടുണ്ട്. ഏതാണ്ട് 750-ഓളം കുടുംബങ്ങൾക്ക് സ്ഥിര വരുമാനം ലഭിക്കുന്ന രീതിയിൽ ഈ പ്രവൃത്തിയെ വിജയിപ്പിച്ചതിന് ചവറയിലെയും കോവിൽത്തോട്ടം പ്രദേശവാസികളുടെയുമെല്ലാം ഹൃദയത്തിൽനിന്നുള്ള നന്ദി അറിയിക്കാൻ ഈ വേള ഉപയോഗപ്പെടുത്തുകയാണ്.

പശ്ചിമതീര കനാൽ വികസനത്തിന്റെ ഭാഗമായി പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പ്രത്യേക പാക്കേജ് നൽകിക്കൊണ്ട് മാറ്റിപ്പാർപ്പിക്കാൻ താൽപ്പര്യപ്പെടുന്നുണ്ടോ; അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഒരു പ്രത്യേക പാക്കേജുതന്നെയാണ് ഇപ്പോൾ നടപ്പാക്കിവരുന്നത്. കനാൽ വികസനത്തിനാവശ്യമായി വരുന്ന സ്ഥലത്ത് താമസിക്കുന്നവരുടെ വീടുകളും കെട്ടിടങ്ങളും ഏറ്റെടുക്കേണ്ടതുണ്ട്. ഇക്കാര്യം ഇൻലാൻഡ് നാവിഗേഷൻ വകുപ്പും KWIL-ഉം ഫിഷറീസ് വകുപ്പിന്റെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റും ചേർന്ന് സംയുക്ത സ്ഥലപരിശോധന നടത്തി ബന്ധപ്പെട്ട പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ഭവന സന്ദർശനം നടത്തി വിവരങ്ങൾ ശേഖരിച്ച് രേഖകളുടെ പരിശോധന KWIL

നടത്തി പാക്കേജിന്റെ മാനദണ്ഡങ്ങൾപ്രകാരം പാക്കേജിന് അർഹതയുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കും. അർഹത സംബന്ധിച്ച് സംശയമുള്ള കേസുകൾ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അധ്യക്ഷനായുള്ള അസിസ്റ്റന്റ് മാനേജർ KWIL, വാർഡ് മെമ്പർ, വില്ലേജ് ഓഫീസർ തുടങ്ങിയവർ അംഗങ്ങളായുള്ള പ്രാദേശിക സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കും. അർഹത സംബന്ധിച്ച് പരിശോധിച്ച് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി സമിതി ശിപാർശ ചെയ്യുന്ന മുറയ്ക്ക് KWIL അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യും. ഇതാണ് ഏറ്റെടുക്കുന്ന നടപടിക്രമം. അത് ഭംഗിയായി നടന്നുപോകുകയാണ്.

<u>ഡോ. സുജിത് വിജയൻപിള്ള</u>: സർ, ദേശീയ ജലപാത-3 വികസിക്കുന്നതോടുകൂടി ടൂറിസത്തിന് നല്ല സാധ്യതയാണുള്ളത്. ടൂറിസം വകുപ്പുമായി ചേർന്ന് എന്തെങ്കിലും പാക്കേജുകളും പദ്ധതികളും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, പശ്ചിമതീര കനാൽ വികസനവുമായി ബന്ധപ്പെട്ട് Economic Development Opportunities എന്നൊരു പഠന

പദ്ധതി ഇപ്പോൾത്തന്നെ നടപ്പാക്കുന്നുണ്ട്. അത് ഉദ്ദേശിക്കുന്നത്, 616 കിലോമീറ്റർ ദൈർഘ്യമുള്ള കനാലിനെ ആകെ 13 റീച്ചുകളായി വിഭജിച്ച് ഓരോ റീച്ചിനും മാസ്റ്റർപ്ലാൻ തയ്യാറാക്കുകയെന്നതാണ്. അതിന്റെ ഭാഗമായി ഏറ്റവും കൂടുതൽ വികസനസാധ്യത വരാൻ പോകുന്നത് ടൂറിസം മേഖലയ്ക്കാണ്. ഓരോ റീച്ചിന്റെയും സാമ്പത്തിക വികസന സാധ്യതകൾ സംബന്ധിച്ച് പഠനം നടത്തി പ്രസ്തുത സ്ഥലങ്ങളെയെല്ലാം സംയോജിപ്പിച്ചുകൊണ്ട് മൊത്തത്തിലുള്ളൊരു മാസ്റ്റർപ്ലാൻ തയ്യാറാക്കും. അതിന് Transit Oriented Development and Assessment of Economic Development Opportunities എന്നപേരിൽ ഒരു പഠന പദ്ധതി കിഫ്ബി ധനസഹായം ലഭ്യമാക്കി നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കനാലിന്റെ കരകളിൽ സ്ഥാപിക്കപ്പെടുന്ന പദ്ധതികളാണ് ഇവർ നിർദ്ദേശിക്കുന്നത്. അതോടൊപ്പംതന്നെ അതുമൂലമുള്ള സാമ്പത്തിക വികസനവും തൊഴിൽ മേഖലകളുടെ വിപുലീകരണവും വിലയിരുത്താൻ സാധിക്കും. പി.പി.പി. മോഡൽ വികസനത്തിന് സാധ്യതയുള്ള പ്രദേശങ്ങളിൽ അതിനുള്ള പശ്ചാത്തല വികസനം നിർദ്ദേശിക്കും. ഇതൊക്കെയാണ് EDO പഠന പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഞാൻ

പറഞ്ഞ 13 റീച്ചുകളിൽ 6 എണ്ണത്തിന്റെ പഠനം ഇതിനകം പൂർത്തിയായിട്ടുണ്ട്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, വളരെ ആവേശത്തോടുകൂടിയാണ് ഈ പാതയെ ജനങ്ങൾ കാണുന്നത്. കനാൽ വികസനവുമായി ബന്ധപ്പെട്ട് കോവളം മുതൽ ആക്കുളം വരെയുള്ള ഭാഗത്തെ പുനരധിവാസ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി; അത് എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കും; കനാലിന്റെ വീതിയും ആഴവും കൂട്ടുന്ന പ്രവൃത്തിയിൽ നേരിടുന്ന വെല്ലുവിളി - 10-50 വർഷമായി കനാലിൽ അടിഞ്ഞുകൂടി കിടക്കുന്ന, തിരുവനന്തപുരം നഗരത്തിലെ ആളുകൾ തള്ളിയ മാലിന്യം, ഇത് നിർമ്മാർജ്ജനം ചെയ്യുന്നത് വലിയൊരു പ്രശ്നമായി നിലനിൽക്കുകയാണ്. ഇക്കാര്യത്തിൽ ഉചിതമായ പരിഹാരം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, വാരിയെടുക്കുന്ന വേസ്റ്റുകൾ നിക്ഷേപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇവിടെ നേരത്തെ ചില പ്രശ്നങ്ങൾ നിലവിലുണ്ടായിരുന്നു. അത് പരിഹരിക്കാനുള്ള ഗൗരവമായ ആലോചനകൾ

നടന്നുകൊണ്ടിരിക്കുകയാണ്. നല്ല പുരോഗതിയാണ് ഇക്കാര്യത്തിലുണ്ടായിട്ടുള്ളത്. പാർശ്വങ്ങളിൽ താമസിക്കുന്ന ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിലും നല്ല പുരോഗതി ആർജ്ജിക്കാൻ കഴിഞ്ഞിട്ടുണ്ട്. ചോദ്യത്തിന് ഉത്തരം പറയുന്ന ഘട്ടത്തിൽ ഈ ഭാഗത്ത് വന്നിട്ടുള്ള പുരോഗതി എടുത്തുപറയുകയും ചെയ്തിട്ടുണ്ട്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, നാഷണൽ ഹൈവേ, മലയോര ഹൈവേ, തീരദേശ ഹൈവേ എന്നിവപോലെ കേരളത്തിന്റെ അഭിമാന പദ്ധതിയാണ് കോവളം മുതൽ ബേക്കൽ വരെയുള്ള ദേശീയ ജലപാത. ബേക്കൽ ചിത്താരിയിലാണ് ഇപ്പോൾ ജലപാത അവസാനിക്കുന്നത്. അവിടെ നാവിഗേഷൻ ലോക്കോടെ ഒരു ചെക്ക്ഡാം നിർമ്മിക്കുന്നുണ്ട്. ചെക്ക്ഡാമിന്റെ പടിഞ്ഞാറ് 100 മീറ്റർ മാറി കെ.എസ്.ഡി.പി. റോഡും പാലവും തൊട്ടടുത്ത് റെയിൽപ്പാലവും ഉള്ളതിനാൽ വലിയ ബോട്ടുകൾക്ക് അങ്ങോട്ട് കടന്നുപോകാൻ സാധിക്കില്ല. 4 കിലോമീറ്റർ നീളത്തിൽ ചെറുബോട്ടുകൾക്ക് സഞ്ചരിക്കാൻ പറ്റാവുന്ന ഒരു മിനി കനാൽ നിർമ്മിച്ചാൽ ടൂറിസത്തിന് സാധ്യതയുള്ള ബേക്കലിലേയ്ക്ക് അത് എത്തിച്ചേരും. യഥാർത്ഥ ബേക്കലിലെത്തണമെങ്കിൽ ഈ 4 കിലോമീറ്റർകൂടി വേണം. അത് ഈ

പദ്ധതിയിൽ ഉൾപ്പെടുത്തുമോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ആദ്യം ബേക്കൽ വരെയുള്ള പദ്ധതിയുടെ പൂർത്തീകരണത്തിനാണ് പ്രാധാന്യം നൽകേണ്ടത്. അതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലും കണ്ണൂർ ജില്ലയിലും കോഴിക്കോട് ജില്ലയുടെ ചില ഭാഗങ്ങളിലും പുതിയ കനാലുകൾ വരേണ്ടതുണ്ട്. അതിന് പ്രാമുഖ്യം നൽകി, അവ പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് കാര്യങ്ങൾ, ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലുള്ള കാര്യങ്ങൾ ആ ഘട്ടത്തിലാണ് ആലോചിക്കേണ്ടത്.

ശ്രീ. ടി. ഐ. മധുസൂധനൻ: സർ, പിണറായി സർക്കാരിന്റെ പ്രയോറിറ്റി പദ്ധതികളിൽ പ്രധാനപ്പെട്ടതാണ് ദേശീയ ജലപാത പദ്ധതി. കോഴിക്കോട് നഗരത്തിൽ കനോലി കനാൽ നവീകരണം ലക്ഷ്യമിട്ട് നടപ്പാക്കുന്ന കനാൽ ശക്തി പദ്ധതി തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; അതോടൊപ്പം കണ്ണൂർ ജില്ലയിൽ 25 കിലോമീറ്റർ വരുന്ന ജലപാതയുടെ പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ചുകൂടി വിശദീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ജലപാതാ വികസന പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KWIL) മുഖേനയാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കനോലി കനാൽ വികസന പദ്ധതി നടപ്പാക്കുന്നത്. കനാൽ സിറ്റി പദ്ധതിയുടെ വിശദമായ ഡി.പി.ആർ. തയ്യാറാക്കുന്നതിന് M/s. LEA Associates South Asia Pvt. Ltd. എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ദേശീയ ജലപാതാ വികസനവുമായി ബന്ധപ്പെട്ട്, കണ്ണൂർ ജില്ലയിലുൾപ്പെടെ കൃത്രിമ ജലപാത നിർമ്മിക്കാനുള്ള പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിരിക്കുകയാണ്. ഇത് കണ്ണൂരിലെ വലിയൊരു വിഭാഗം ജനങ്ങളിൽ അതീവ ഉത്കണ്ഠ ജനിപ്പിച്ചിരിക്കുകയാണ്. കൃത്രിമ ജലപാത ജനവാസ കേന്ദ്രങ്ങളിലൂടെ കടന്നുപോകുന്നത് പാരിസ്ഥിതികവും സാമ്പത്തികവുമായ ഒട്ടേറെ പ്രശ്നങ്ങൾക്കും ധാരാളം പേരുടെ സ്ഥലവും കച്ചവടവും ബിസിനസ്സും ഉപജീവന മാർഗ്ഗവുമെല്ലാം നഷ്ടപ്പെടുന്ന അവസ്ഥയാണ്

സംജാതമാക്കിയിരിക്കുന്നത്. ദേശീയ ജലപാതയുമായി കൃത്രിമ ജലപാതയെ ബന്ധിപ്പിക്കുമ്പോൾ ഉപ്പുവെള്ളം കുടിവെള്ള സ്രോതസ്സുകളെപ്പോലും ബാധിക്കുമെന്നത് നാം അതിഗൗരവമായി കാണേണ്ടതാണ്. പ്രസ്തുത സാഹചര്യത്തിൽ കൃത്രിമ ജലപാതാ പദ്ധതിയെക്കുറിച്ചുള്ള വിശദമായ ഒരു പാരിസ്ഥിതിക പഠനം നടത്താൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ച തരത്തിലുള്ള ഒരു ആശങ്കയും ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകേണ്ടതില്ല. കാരണം, ഈ പദ്ധതി പൂർത്തിയാകുമ്പോൾ 616 കി.മീ. ദൈർഘ്യമുള്ള നമ്മുടെ നാടിന്റെ ഏറ്റവും വലിയൊരു പദ്ധതിയാണ് യാഥാർത്ഥ്യമാകുന്നത്. ഇപ്പോൾത്തന്നെ നല്ലൊരു ഭാഗം കനാലുകളാണ്. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലെ ചെറിയ ഭാഗങ്ങൾ മാത്രമാണ് നമുക്ക് അത്യാവശ്യമായി പൂർത്തിയാക്കാനുള്ളത്. വർഷങ്ങൾക്കുമുമ്പ്/നൂറ്റാണ്ടുകൾ മുമ്പ് അന്നത്തെ ഭരണകാലത്ത് നടപ്പാക്കപ്പെട്ടതായ മറ്റ് കനാലുകളുമായി ഇത് പൂർണ്ണമായി യോജിപ്പിച്ചാൽ കേരളം അത്ഭുതകരമായ ഒരു ഭൂപടത്തിലേയ്ക്കാണ്, ലോക ഭൂപടത്തിലേയ്ക്കാണ് എത്തിച്ചേരുക. കാരണം, 616 കി.മീ. ദൈർഘ്യമുള്ള ഒരു കനാൽ, ഇപ്പോൾ

തന്നെ നമ്മുടെ നാട് God's Own Country എന്ന നിലയ്ക്ക് എല്ലാവരുടെയും ആകർഷണ കേന്ദ്രമാണല്ലോ. അത്തരമൊരു നാട്ടിൽ വന്നാൽ ഈ 616 കി.മീ. ഒന്നിച്ച് ബോട്ടിൽ സഞ്ചരിക്കാൻ കഴിയുകയെന്നത് ആളുകളിൽ വലിയ ത്വരയുണ്ടാക്കും. അതോടൊപ്പംതന്നെ ഇതിന്റെ ഭാഗമായി കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ജലഗതാഗത സൗകര്യമാണ് വരുന്നത്. റോഡിലെ വലിയ തോതിലുള്ള തിരക്കുകൾ പലതും ഇതിലൂടെ ഒഴിവാക്കാൻ കഴിയും. അതിനുപുറമേ ഞാൻ നേരത്തെ പറഞ്ഞ രീതിയിൽ ഇതിന്റെ പാർശ്വങ്ങളിൽ ധാരാളം ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളായിരിക്കും വിവിധ പദ്ധതികളിലൂടെ ഉണ്ടാകാൻ പോകുന്നത്. അതത് പ്രദേശത്തുള്ളവരുടെ ധാരാളം പരിപാടികൾ അവിടെ നടക്കും; അത് കലാപരിപാടിയാകാം, ഭക്ഷണം കൊടുക്കലാകാം, കൂടിച്ചേരുന്നതിനുള്ള മറ്റ് സൗകര്യങ്ങളാകാം. ഇതെല്ലാം ടൂറിസ്റ്റുകൾക്ക് പുതിയ അനുഭവമാണ് ഉണ്ടാക്കുന്നത്. നമ്മുടെ നാടിന്റെ മുന്നോട്ടുപോക്കിന് വളരെ പ്രധാനപ്പെട്ട ഒന്നാണിത്. സ്ഥലമെടുക്കുന്നതിന്റെ ഭാഗമായി ചില പ്രശ്നങ്ങൾ സ്വാഭാവികമായി നാട്ടുകാർക്കുണ്ടാകുമെന്നത് ശരിയാണ്. നമ്മൾ എല്ലാവരും ഒന്നിച്ചുനിന്ന് ആ പ്രശ്നങ്ങൾ പരിഹരിച്ചുപോകാനാണ് നോക്കേണ്ടത്.

ആരെയും ബുദ്ധിമുട്ടിക്കുകയെന്നത് ഉദ്ദേശിക്കുന്നില്ല. മതിയായ, തൃപ്തികരമായ പാക്കേജ് ഇതിന്റെ ഭാഗമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. ആന്റണി രാജു</u>: സർ, കേരളത്തിന്റെ വികസനത്തിൽ നിർണ്ണായകമായ പങ്കുവഹിക്കാൻ പോകുന്ന സുപ്രധാനമായ പദ്ധതിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിഭാവന ചെയ്ത 616 കി.മീ. ദൈർഘ്യമുള്ള കേരളത്തിന്റെ തെക്കേയറ്റം മുതൽ വടക്കേയറ്റംവരെയുള്ള കോവളം-ബേക്കൽ ജലപാത. ടൂറിസം, ഗതാഗതം, വ്യവസായ തൊഴിൽ മേഖലകളിൽ വലിയ കുതിപ്പാണ് ഈ ജലപാത യാഥാർത്ഥ്യമായാൽ ഉണ്ടാകാൻ പോകുന്നത്. എന്റെ ചോദ്യം, ആദ്യം ഡ്രഡ്ജ് ചെയ്ത് ആഴം കൂട്ടിയ റീച്ചുകളിൽ പിന്നീട് ചെളിയും മണ്ണും വീണ്ടും അടിയുന്നതുകാരണം ഡ്രാഫ്റ്റ് കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അതിന് സ്ഥിരമായ സംവിധാനമുണ്ടാകും. അത്തരം പ്രദേശങ്ങളിൽ അത് പരിഹരിച്ച് പോകുന്നതിനുള്ള നടപടികൾ ഇപ്പോൾത്തന്നെ സ്വീകരിച്ചിട്ടുണ്ട്. തുടർന്നും ഈ പദ്ധതികൾ ഇതേ രീതിയിൽത്തന്നെ നടപ്പാക്കുന്നതാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ദേശീയ ജലപാത പിണറായി വിജയൻ ഗവൺമെന്റ് കൊണ്ടുവന്നതാണെന്നാണ് ബഹുമാനപ്പെട്ട ശ്രീ. ആന്റണി രാജു പറഞ്ഞത്. അദ്ദേഹം ഒരു മന്ത്രിയായിരുന്ന ആളല്ലേ. എത്രയോ വർഷമായി, എത്രയോ ഗവൺമെന്റുകൾ ഈ ജലപാതയുമായി മുന്നോട്ടുപോയിട്ടുണ്ട്. കൊല്ലം മുതൽ ആലപ്പുഴവരെയുള്ള ജലഗതാഗത മാർഗ്ഗം സുഗമമാക്കാൻ ഏറ്റവും കൂടുതൽ പങ്കുവഹിച്ചത് ശ്രീ. കെ. ബാബുവാണ് (തൃപ്പൂണിത്തുറ). അവിടെയുള്ള മുഴുവൻ ചീനവലകൾ മാറ്റാനും മത്സ്യത്തൊഴിലാളികൾക്ക് കോമ്പൻസേഷൻ കൊടുക്കാനും അദ്ദേഹം മുന്നോട്ടുവന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എടുക്കുന്ന ശ്രമങ്ങളെ ഞങ്ങളാരും ഇകഴ്ത്തുന്നില്ല. പക്ഷേ, വസ്തുതകൾ വസ്തുതകളാകണമല്ലോ. ഇവിടെ ഒരു പ്രശ്നമുള്ളത്, കൊല്ലം മുതൽ ആലപ്പുഴവരെയുള്ള കായംകുളം കായലിലൂടെ കടന്നുപോകുന്ന ഈ ജലപാതയിൽ നിർമ്മാണപ്രവർത്തനങ്ങൾ വളരെ മന്ദഗതിയിലാണ് പോകുന്നത്. ഉദാഹരണമായി തൃക്കുന്നപ്പുഴ ഒരു പാലം പൊളിച്ചു പണിയണം, അത് എന്റെ മണ്ഡലത്തിലാണ്. മുഴുവൻ ജനങ്ങളെയും സഹകരിപ്പിച്ചുകൊണ്ട് ഞാൻതന്നെ മുൻകയ്യെടുത്താണ് അതിന് നേതൃത്വം കൊടുക്കുന്നത്. വലിയ എതിർപ്പുണ്ടായിരുന്നു. പക്ഷേ,

ഇത് സമയബന്ധിതമായി നടപ്പാക്കാനും സമയത്ത് തീർക്കാനുമുള്ള നടപടികൾ സ്വീകരിക്കാൻ പ്രത്യേക നിർദ്ദേശം കൊടുക്കുമോ എന്നുള്ളതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടുള്ള എന്റെ ചോദ്യം?

ശ്രീ. പിണറായി വിജയൻ: സർ, വളരെ ഗൗരവമായിട്ടുള്ളൊരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം എടുത്തുപറഞ്ഞത്. നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഈ പദ്ധതിയുടെ നടത്തിപ്പിലും നിർമ്മാണത്തിലും ഏതെങ്കിലും തരത്തിലുള്ള കാലതാമസമുണ്ടാകുന്നുണ്ടെങ്കിൽ അത് പരിഹരിച്ചുപോകേണ്ടത് തന്നെയാണ്. ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ച തരത്തിലുള്ള എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി പ്രത്യേക ശ്രദ്ധയോടെ ഇടപെടുന്നതാണ്. ഇപ്പോൾ കാലതാമസം വരുന്നയിടത്ത് അത് കൃത്യമായി പരിശോധിച്ച് റിവ്യൂ ചെയ്ത് ഇടപെട്ടുപോകുന്ന നില സ്വീകരിക്കുന്നുണ്ട്. ഏതായാലും അദ്ദേഹത്തിന്റെ സമീപനത്തെ പൂർണ്ണമായും സ്വാഗതം ചെയ്യുന്നു.

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ വികസന നേട്ടങ്ങൾ

3 (*153) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളീയർ ചികിത്സിച്ച് ദരിദ്രരാകുന്നുവെന്നും ഈ ഗുരുതര സാഹചര്യം ഒഴിവാക്കാൻ സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സമഗ്രമായി വികസിപ്പിക്കണമെന്നും 2015-ൽ ആസൂത്രണ ബോർഡിന്റെ ആരോഗ്യ മേഖലാ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിൽ പ്രതിപാദിച്ചിരുന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) 2016 മുതൽ 2023 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഉണ്ടായിട്ടുള്ള വികസന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത മേഖലയിൽ എന്തെല്ലാം പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രൈമറി ഹെൽത്ത് സെന്ററുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, ജില്ലാ-താലൂക്ക് ആശുപത്രികൾ എന്നിവയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, (എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ആർദ്രം കർമ്മപദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യതലം മുതൽ ആരോഗ്യമേഖലയെ ശാക്തീകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തുന്നതിനുള്ള ഒരു ബൃഹത് കർമ്മ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ആയതിന്റെ ഭാഗമായി ആദ്യ ഘട്ടമായി 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും രണ്ടാം ഘട്ടമായി 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും മൂന്നാം ഘട്ടമായി 212 സ്ഥാപനങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് തെരഞ്ഞെടുക്കുകയുണ്ടായി.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യുമ്പോൾ ഒട്ടനേകം കാര്യങ്ങൾ ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. കുടുംബത്തിന്റെ ആരോഗ്യകേന്ദ്രം എന്നുള്ളതാണ് ആശയം. രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണിവരെ ഒ.പി. സൗകര്യവും ഒപ്പം സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷയും നൽകിവരുന്നു. Preventive, Promotive, Curative, Paliative, Rehabilitative services എന്നിവ നൽകിവരുന്നു. രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജനങ്ങൾക്ക് ബോധവത്ക്കരണം, രോഗ പ്രതിരോധ കുത്തിവെയ്പ്പുകൾ, പ്രാണീജന്യരോഗ പ്രതിരോധ പ്രവർത്തനങ്ങൾ (Vector study & Control), മറ്റ് പകർച്ച വ്യാധികൾ നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള പദ്ധതികൾ, അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള (screening for diseases) കുടുംബാസൂത്രണ പ്രവർത്തനങ്ങൾ എന്നിവ നടന്നുവരുന്നു. ജീവിതശൈലീരോഗ നിർണ്ണയ പദ്ധതിയിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആഴ്ചയിൽ 6 ദിവസവും NCD ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു.

കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങളിൽ രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷന്മാർക്കും ഭിന്നശേഷിക്കാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ്, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, കാത്തിരിപ്പുമുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ, കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കുന്നു. കൂടാതെ മെച്ചപ്പെട്ട ലാബ് സൗകര്യങ്ങൾ, നഴ്സുമാരുടെ പ്രീ ചെക്കപ്പ്റും, കൗൺസിലിംഗ് സംവിധാനം, ഫാർമസി ഇമ്മ്യൂണൈസേഷൻ മുറി, ശ്വാസ്, ആശ്വാസ് സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾ എന്നിവ കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കിവരുന്നു. ഒപ്പം ടി സ്ഥാപനങ്ങളിൽ മാനവ വിഭവശേഷി വർധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ വിഭാഗങ്ങളിലായി 1830 അധിക തസ്തികകൾ സൃഷ്ടിച്ചു.

172 കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഡയബറ്റിക് റെറ്റിനോപ്പതി ക്ലിനിക്കുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഗർഭിണികൾക്കുള്ള സേവനങ്ങൾ നൽകുന്നതിനായി ആഴ്ചയിലൊരിക്കൽ ആന്റിനേറ്റൽ ക്ലിനിക്കുകളും എല്ലാ ബുധനാഴ്ചയും കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെയ്പ്പും കുടുംബാരോഗ്യ കേന്ദ്രങ്ങളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും വഴി നൽകിവരുന്നു. പഞ്ചായത്തുതലത്തിൽ RBSK (Rashtriya Bal Swasthya Karyakram) പദ്ധതി മുഖേന കുടുംബരോഗ്യ കേന്ദ്രങ്ങളിലും അംഗനവാടികളിലും സർക്കാർ, എയ്ഡഡ് സ്കൂളുകളിലുമായി കുട്ടികളിലെ 30 ആരോഗ്യ അവസ്ഥകൾക്കുള്ള പരിശോധന നടത്തിവരുന്നു. ഇത്തരം പ്രശ്നങ്ങൾ തിരിച്ചറിയുന്ന കുഞ്ഞുങ്ങൾക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴിയും ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ വഴിയും തുടർചികിത്സകൾ നടത്തിവരുന്നു. മൊബൈൽ യൂണിറ്റുകൾ വഴി ആദിവാസി തീരദേശ മേഖലകളിൽ പ്രത്യേക ക്യാമ്പുകളും കുട്ടികൾക്കായി നടത്തിവരുന്നുണ്ട്.

2016 മുതൽ 2023 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ 17 അർബൻ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഡെന്റൽ യൂണിറ്റുകൾ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എൻ.പി.സി.ബി. (National Program for

Control of Blindness) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിലേയ്ക്കായി 414 വിഷൻ സെന്ററുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. കേരളത്തിലെ 9 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 39 നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 115 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്.) അംഗീകാരം ലഭിച്ചു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രാഥമികാരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നവകേരള കർമ്മപദ്ധതി II ആർദ്രം മിഷൻ II-ന്റെ ഭാഗമായി സമൂഹത്തിലെ 30 വയസ്സിനുമുകളിൽ പ്രായമായ എല്ലാവരുടെയും ജീവിത ശൈലീരോഗങ്ങളെക്കുറിച്ചും അതിലേയ്ക്ക് നയിക്കുന്ന ഹേതുക്കളെ (റിസ്ക് ഫാക്ടർ) കുറിച്ചുമുള്ള വിവരശേഖരണ സർവ്വേ ആശാപ്രവർത്തകരിലൂടെ ഇ-ഹെൽത്ത് തയ്യാറാക്കിയ "ശൈലി" എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെ നടപ്പിലാക്കുകയുണ്ടായി. പ്രസ്തുത ജനസംഖ്യാധിഷ്ഠിത ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതിപ്രകാരം ഒരു കോടി അമ്പത്തിയാറു ലക്ഷം ജനങ്ങളുടെ സർവ്വേ

പൂർത്തീകരിക്കുകയുണ്ടായി. ഇതിൽ രോഗ സാധ്യതയുള്ളവരെ തുടർപരിശോധന നടത്തുന്നതിനും രോഗം സ്ഥിരീകരിക്കുന്നവർക്ക് ചികിത്സ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്യാൻസർ രോഗ നിയന്ത്രണത്തിന്റെ ഭാഗമായി, രോഗത്തിന്റെ സാധ്യതയുമായി റഫർ ചെയ്യപ്പെട്ട ജനങ്ങൾക്ക് പ്രാഥമികതലത്തിൽത്തന്നെ പരിശോധന നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി ക്യാൻസർ കെയർ സ്യൂട്ട് എന്ന ആപ്ലിക്കേഷൻ ആരംഭിക്കുകയും രോഗികളെ രജിസ്റ്റർ ചെയ്ത് തുടർപരിശോധനകൾക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ പ്രാഥമിക ചികിത്സാകേന്ദ്രങ്ങളെയും സ്പെഷ്യാലിറ്റി ക്ലിനിക്കുകളുമായി ബന്ധിപ്പിക്കുന്ന "ക്യാൻസർ ഗ്രിഡ്" എല്ലാ ജില്ലകളിലും ആരംഭിക്കുകയുണ്ടായി. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ "ജനകീയാരോഗ്യ കേന്ദ്രങ്ങളായി" മാറ്റുകയും എല്ലാ കേന്ദ്രങ്ങളിലും ഒരു മിഡിൽ ലെവൽ സർവീസ് പ്രൊവൈഡറുടെ (MLSP) സഹായത്തോടുകൂടി ജീവിതശൈലീരോഗ നിർണ്ണയ പരിപാടി ഊർജ്ജിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പുതിയ കെട്ടിട നിർമ്മാണ/നവീകരണ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

പകർച്ചവ്യാധി രോഗനിരീക്ഷണ സംവിധാനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി 2023 മുതൽ Integrated Health Information Platform-IDSP സംവിധാനം നടപ്പിലാക്കി. പ്രൈവറ്റ് മേഖലയിലെ സ്ഥാപനങ്ങളും ഇപ്പോൾ ഈ സംവിധാനം മുഖേന റിപ്പോർട്ടിംഗ് ആരംഭിച്ചിട്ടുണ്ട്. എലിപ്പനി പ്രാരംഭ ഘട്ടത്തിൽത്തന്നെ കണ്ടെത്തുന്നതിനുള്ള RT-PCR പരിശോധനാ സംവിധാനങ്ങൾ സംസ്ഥാനത്തെ 6 പബ്ലിക്ക് ഹെൽത്ത് ലാബുകളിലും 3 മെഡിക്കൽ കോളേജുകളിലും 2023 മുതൽ ലഭ്യമാക്കി. National Viral Hepatitis Control Programme (NVHCP) 2021 മുതൽ കേരളത്തിൽ 32 ചികിത്സാ കേന്ദ്രങ്ങൾ വിവിധ ജില്ലാ/ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവടങ്ങളിലായി നടന്നുവരുന്നു. ടി പദ്ധതിയുടെ ഭാഗമായി പൊതുജനങ്ങൾ, High Risk Groups എന്നിവരിൽ Hepatitis B, Hepatitis C എന്നിവയുടെ രോഗനിർണ്ണയം (Screening and Confirmation), ചികിത്സ ആവശ്യമുള്ളവർക്ക് സൗജന്യ ചികിത്സ, ആരോഗ്യപ്രവർത്തകർക്ക് HBV വാക്സിനേഷൻ എന്നീ സേവനങ്ങൾ നൽകിവരുന്നു. 15-59 വയസ്സ് വരെയുള്ള പെൺകുട്ടികൾക്കും സ്ത്രീകൾക്കും വിളർച്ച ഉണ്ടോ എന്ന് പരിശോധിച്ച് വേണ്ട ചികിത്സ നൽകുന്നതിനും

പൊതുവിൽ അവബോധം സൃഷ്ടിക്കുന്നതിനുംവേണ്ടി "വിവകേരള" പദ്ധതി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ജനകീയാരോഗ്യ കേന്ദ്രങ്ങളും വഴി നടപ്പിലാക്കിവരുന്നു.

37 നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ദേശീയ ഗുണനിലവാര അംഗീകാരമുള്ള (NQAS Accredited) കേന്ദ്രങ്ങളാക്കി മാറ്റി. 45 നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ പൂർണ്ണമായും " ഇ-ഹെൽത്ത് കേന്ദ്രങ്ങൾ" ആക്കി മാറ്റി.

സംസ്ഥാനത്തെ ആദ്യ അർബൻ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എറണാകുളം നഗരത്തിൽ ആരംഭിച്ചു. നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി നഗരങ്ങളിലെ ചേരികളിലും മറ്റും അധിവസിക്കുന്ന കൗമാരക്കാരായ പെൺകുട്ടികൾക്ക് സാനിട്ടറി നാപ്കിനുകൾ നാമമാത്ര നിരക്കിൽ നൽകുന്നു.

കേരളത്തിലെ തെരഞ്ഞെടുത്ത ജില്ലകളിൽ ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റി ലിങ്ക് വർക്കർ (CLW) പദ്ധതി ആരംഭിച്ചിട്ടുണ്ട്. സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് വരാൻ നിരവധി തടസ്സങ്ങൾ നേരിടുന്ന ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്ക് ആവശ്യമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കാൻ ട്രാൻസ് ജെൻഡർ കമ്മ്യൂണിറ്റിക്കും ആരോഗ്യ സംവിധാനത്തിനും ഇടയിലുള്ള

കണ്ണിയായി പ്രവർത്തിക്കുകയെന്നതാണ് കമ്മ്യൂണിറ്റി ലിങ്ക് വർക്കർമാരുടെ ചുമതലകൾ. ഇതിന്റെ ആദ്യപടിയായി തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ കമ്മ്യൂണിറ്റി ലിങ്ക് വർക്കർമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്.

(ഡി) ആർദ്രം പദ്ധതിയുടെ ഭാഗമായി ജില്ലാതല ആശുപത്രികൾ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളും താലൂക്കാശുപത്രികൾ സ്പെഷ്യാലിറ്റി സൗകര്യങ്ങളുമുള്ള ആശുപത്രികളായി ഉയർത്തുന്നതിനുള്ള അടിസ്ഥാന സൗകര്യവികസനവും അധികസേവനവും നടപ്പിലാക്കിവരുന്നു. ആയതിന്റെ ഭാഗമായിട്ടുള്ള നിർമ്മാണ നവീകരണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 14 ജില്ലാ ആശുപത്രികളിലെ നിർമ്മാണ പ്രവൃത്തി പൂർത്തിയായി. തെരഞ്ഞെടുത്ത 43 താലൂക്കാശുപത്രികളിൽ 12 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയാകുകയും 19 സ്ഥാപനങ്ങളിലെ പ്രവൃത്തി പുരോഗമിച്ചുവരികയും ചെയ്യുന്നു. 3 സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കും. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത 886 സ്ഥാപനങ്ങളിൽ 663 സ്ഥാപനങ്ങളുടെ പ്രവൃത്തി പൂർത്തിയാക്കി.

ബാക്കിയുള്ള 223 സ്ഥാപനങ്ങളിലെ പ്രവൃത്തി വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്ത 152 സ്ഥാപനങ്ങളിൽ 56 സ്ഥാപനങ്ങളിലെ പ്രവൃത്തി പൂർത്തിയാക്കുകയും 35 സ്ഥാപനങ്ങളിലെ പ്രവൃത്തി പുരോഗമിച്ചുവരികയും ചെയ്യുന്നു. ബാക്കിയുള്ളവയിൽ 35 സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതുമാണ്.

25 ആശുപത്രികളിൽ ക്യാൻസർ രോഗ നിർണ്ണയത്തിനും കീമോതെറാപ്പി ഉൾപ്പെടെയുള്ള ചികിത്സയ്ക്കും സജ്ജമാക്കിയിട്ടുള്ള വികേന്ദ്രീകൃത ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. 10 ജില്ലാ ആശുപത്രികളിൽ സ്ട്രോക്ക് യൂണിറ്റ് ആരംഭിക്കുകയും 236-ൽ അധികം സ്ട്രോക്ക് ത്രോമ്പോസിസ് നടത്തുകയും ചെയ്തിട്ടുണ്ട്. ഇടുക്കി ഒഴികെയുള്ള ജില്ലകളിൽ കാത്ത് ലാബുകൾ ആരംഭിച്ചിട്ടുണ്ട്. 105 പ്രധാന ആശുപത്രികളിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഹീമോഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തന സജ്ജമാണ്. ഈ സർക്കാരിന്റെ പുതുമയാർന്ന പദ്ധതിയായ പെരിറ്റോണിയൽ ഡയാലിസിസ്

പദ്ധതി ഇപ്പോൾ 14 ജില്ലകളിലും പ്രവർത്തനക്ഷമമാണ്. 16 പ്രധാന ആശുപത്രികളിൽ വയോജന വാർഡുകളും വയോജന ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നതിനൊപ്പം ആശുപത്രികളെ വയോജന സൗഹൃദമാക്കുന്നതിനുമുള്ള എൽഡർലി ഫ്രണ്ട്‌ലി ഇനിഷ്യയേറ്റീവ് നടപ്പിലാക്കിയിട്ടുണ്ട്. പേവിഷബാധമൂലമുള്ള മരണങ്ങൾ തടയുന്നതിന്റെ ഭാഗമായി എല്ലാ സ്ഥാപനങ്ങളിലും Wound Washing Facilities സജ്ജമാക്കുന്നതിന് (ആന്റി റാബീസ് ക്ലിനിക്ക്) നടപടികൾ സ്വീകരിച്ചു. ഇതിനായി 2022-23 സാമ്പത്തിക വർഷത്തിൽ ട്രൈബൽ-കോസ്റ്റൽ മേഖലയിലുള്ള 195 സ്ഥാപനങ്ങളിൽ ഒരു ലക്ഷം രൂപ വീതം പ്രത്യേക തുക അനുവദിക്കുകയും നടപ്പിലാക്കുകയും ചെയ്തു. പേവിഷബാധക്കെതിരെയുള്ള വാക്സിൻ (ARV) നിലവിൽ 329 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 211 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ, 87 താലൂക്ക് ആശുപത്രികൾ, 35 ജില്ലാതല ആശുപത്രികൾ, 10 മെഡിക്കൽ കോളേജുകൾ, 11 ഇതര ആശുപത്രികൾ എന്നിവിടങ്ങളിൽ ലഭ്യമാണ്. പേവിഷബാധക്കെതിരെയുള്ള ഇമ്മ്യൂണോഗ്ലോബുലിൻ (ERIG) നിലവിൽ

9 മെഡിക്കൽ കോളേജുകൾ, 29 ജില്ലാതല ആശുപത്രികൾ, 26 താലൂക്കുതല ആശുപത്രികൾ എന്നിവയിൽ ലഭ്യമാണ്.

ശ്രീ. കെ. കെ രാമചന്ദ്രൻ: സർ, ദേശീയ ആരോഗ്യ ദൗത്യത്തിനായി കേരളത്തിന് അനുവദിക്കേണ്ടതായ അർഹതപ്പെട്ട കേന്ദ്ര വിഹിതം ഈ സാമ്പത്തിക വർഷത്തിൽ നാളിതുവരെയായിട്ടും അനുവദിച്ചിട്ടില്ല. ഈയൊരു പ്രശ്നം ആരോഗ്യമേഖലയുടെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ?

ശ്രീമതി വീണാ ജോർജ്: സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് ബഹുമാന്യനായ അംഗം ഈ സഭയിൽ ഉന്നയിച്ചിരിക്കുന്നത്. സംസ്ഥാനത്തിന് അർഹമായിട്ടുള്ള കേന്ദ്ര വിഹിതങ്ങൾ ലഭ്യമാകുന്നില്ലെന്ന വളരെ ഗുരുതരമായ സ്ഥിതിവിശേഷം നമ്മുടെ മുന്നിലുണ്ട്. 2023-24-ലെ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രം പറഞ്ഞിരിക്കുന്ന ഫണ്ടുകൾ നമുക്ക് ലഭിച്ചിട്ടില്ല. 2521.99 കോടി രൂപയ്ക്കാണ് ആർ.ഒ.പി. ഗ്രാന്റായി കേന്ദ്രം അംഗീകാരം നൽകിയിരുന്നത്. ഇതിൽ ഈ വർഷം 1376.70 കോടി രൂപയാണ് ചെലവഴിക്കേണ്ടിയിരുന്നത്. എൻ.എച്ച്.എം. റിസോഴ്സ് അടിസ്ഥാന സൗകര്യ വികസനം, Kind grant എന്നീ വിഭാഗങ്ങളിലാണ് തുക അനുവദിക്കുന്നത്. ഈ തുക 60:40 എന്ന അനുപാതത്തിലാണ് അനുവദിക്കുന്നത്, 60 ശതമാനം കേന്ദ്രം, 40 ശതമാനം

സംസ്ഥാനം. കേന്ദ്രം 826.02 കോടി രൂപയും, സംസ്ഥാനം 550.68 കോടി രൂപയുമാണ് അനുവദിക്കേണ്ടത്. സാമ്പത്തിക വർഷത്തിന്റെ മൂന്ന് പാദങ്ങൾ പൂർത്തിയായി, നാലാം പാദത്തിലാണുള്ളത്. മൂന്നു പാദങ്ങൾ പൂർത്തിയാകുമ്പോൾ 278.4 കോടി രൂപ കഴിഞ്ഞെങ്കിലും ഒരു ഗഡു തുക പോലും കേന്ദ്രം അനുവദിച്ചിട്ടില്ല. ഈ പ്രതിസന്ധിയിലും സംസ്ഥാന സർക്കാർ അനുവദിക്കേണ്ട 40 ശതമാനം വിഹിതം അനുവദിച്ചുകൊണ്ടാണ് എൻ.എച്ച്.എം.-ൽ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ശമ്പളം നൽകുന്നത്. ഇത് വലിയ രീതിയിൽ നമ്മുടെ പല മേഖലകളെയും ബാധിക്കുന്നുണ്ട്. ഉദാഹരണമായി പെരിറ്റോണിയൽ ഡയാലിസിസ്, ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ജനങ്ങൾ വലിയ രീതിയിൽ സ്വീകരിച്ച പദ്ധതിയാണ്. കേന്ദ്രം ഒരു വിഹിതം നൽകാമെന്ന് പറഞ്ഞിരുന്നു, പക്ഷെ ഒരു രൂപ പോലും അവർ നൽകുന്ന സാഹചര്യമുണ്ടായിട്ടില്ല. അതിന് അവർ പറയുന്ന കാര്യം കോ-ബ്രാൻഡിംഗ് നടത്തിയില്ല എന്നുള്ളതാണ്. ആ വാദം വാസ്തവ വിരുദ്ധമാണ്, കോ-ബ്രാൻഡിംഗ് നടത്തിയിരുന്നു. സംസ്ഥാനത്ത് ആരോഗ്യകേന്ദ്രങ്ങളുടെ പേരുകൾ കുടുംബാരോഗ്യകേന്ദ്രം, താലൂക്ക് ആശുപത്രി, ജനകീയ ആരോഗ്യകേന്ദ്രം, ആ പേരുകൾ നിലനിർത്തിക്കൊണ്ട് കേന്ദ്രം നിർദ്ദേശിക്കുന്ന പേരുകൾ കൂടി അതിനൊപ്പം ചേർത്തുവയ്ക്കാമെന്നു പറഞ്ഞു. അത് ചേർത്തു വച്ചു; പക്ഷെ എന്നിട്ടും

കേന്ദ്രം സംസ്ഥാന സർക്കാരിന് അർഹമായ തുക അനുവദിക്കാത്ത സാഹചര്യമാണുള്ളത്. അത് വലിയ രീതിയിൽ സംസ്ഥാനത്തിന്റെ കേന്ദ്രാവിഷ്കൃത പദ്ധതികളെ ബാധിക്കുന്ന സ്ഥിതിയാണുള്ളത്.

ശ്രീ. കെ. കെ രാമചന്ദ്രൻ: സർ, ആരോഗ്യവകുപ്പിന് ഈ സർക്കാരിന്റെ കാലയളവിൽ ദേശീയാടിസ്ഥാനത്തിൽ നേടിയിട്ടുള്ള അംഗീകാരങ്ങൾ എന്തൊക്കെയാണെന്നും, അതൊടൊപ്പം ദേശീയ ഗുണനിലവാര പട്ടികയിൽ ഏതെല്ലാം ആശുപത്രികൾ നമ്മുടെ കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ടുവെന്നും, പുതുക്കാട് താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; സൂപ്രണ്ടുൾപ്പെടെയുള്ള തസ്തികകളുടെ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, ദേശീയതലത്തിൽ ഈ കാലഘട്ടത്തിൽ സംസ്ഥാന ആരോഗ്യ വകുപ്പിന് ധാരാളം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. അത് പറയുന്നതിന് വലിയരീതിൽ സമയമെടുക്കുമെന്നതിനാൽ ഞാൻ അതിന് തുനിയുന്നില്ല. ആ ഉത്തരം ടേബിൾ ചെയ്യാം. മൂന്നരക്കോടി ജനങ്ങളുള്ള കേരളമാണ് ഇന്ത്യാ മഹാരാജ്യത്ത് ഏറ്റവും കൂടുതൽ തുക സൗജന്യ ചികിത്സയ്ക്കുവേണ്ടി ചെലവഴിക്കുന്ന സംസ്ഥാനം; 1658 കോടി രൂപ. അതിനുള്ള

ദേശീയ പുരസ്കാരം കഴിഞ്ഞ മൂന്ന് വർഷമായി തുടർച്ചയായി കേരളത്തിനാണ് ലഭിക്കുന്നത്. ഭക്ഷ്യ സുരക്ഷയിൽ ദേശീയതലത്തിൽ ഒന്നാം റാങ്ക് കേരളത്തിനാണ്. അങ്ങനെ ഒട്ടനേകം തലങ്ങളിൽ കേരളത്തിന് പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് National Quality Assurance Standards (NQAS) അക്രഡിറ്റേഷൻ ലഭിച്ച 172 ആരോഗ്യ സ്ഥാപനങ്ങളാണുള്ളത്. 2021-2023 കാലയളവിൽ 139 സ്ഥാപനങ്ങൾക്ക് പുതിയതായി അക്രഡിറ്റേഷൻ നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. പുതുക്കാട് ആശുപത്രിയിലെ സൂപ്രണ്ടുമായി ബന്ധപ്പെട്ട വിഷയം എം.എൽ.എ. ശ്രദ്ധയിൽപ്പെടുത്തിയിരുന്നു, അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലുള്ള ഒരാളാണ് അവിടുത്തെ സൂപ്രണ്ട്, ഡി.പി.സി. കൂടിയിട്ടുണ്ട്, ഈ വരുന്ന ദിവസങ്ങളിൽത്തന്നെ അവിടെ സൂപ്രണ്ടിനെ നിയമിക്കുന്നതിന് സാധിക്കുന്നതാണ്.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, കേരളത്തിലെ കുടുംബാരോഗ്യകേന്ദ്രങ്ങൾ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ തന്നെയാണ് നടത്തി വരുന്നത്. എനിക്കറിയാനുള്ളത്, സംസ്ഥാനത്തെ എല്ലാ ആശുപത്രികളെയും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കാൻ ആരോഗ്യവകുപ്പിന് സാധിക്കുമോ; ഇന്ത്യയിൽ ആദ്യമായി കേരളത്തിലെ ഏതെങ്കിലുമൊരു ആശുപത്രിയെ ഈ കാര്യത്തിനായി തെരഞ്ഞെടുക്കാൻ സാധ്യതയുണ്ടോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ഇത് വളരെ കാലിക പ്രസക്തമായ, ആഗോളതലത്തിൽ ലോകാരോഗ്യസംഘടന ലിസ്റ്റ് ചെയ്തിരിക്കുന്നത്, വളരെ പരമ പ്രധാനമെന്ന് പറഞ്ഞിരിക്കുന്ന ഒരു ആരോഗ്യ വിഷയമാണ്. ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ്. ആന്റിബയോട്ടിക്കുകൾക്കെതിരെ രോഗാണുക്കൾ ആർജ്ജിക്കുന്ന പ്രതിരോധശേഷി, അതിനെത്തുടർന്നുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളുമാണ് ഇതുമായി ബന്ധപ്പെട്ടുള്ളത്. 2050 ആകുമ്പോഴേക്കും ലോകാരോഗ്യസംഘടന പറയുന്നത് ലോകത്ത് ഒരു കോടി ആളുകൾ ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ്മൂലം മരണമടയുമെന്നാണ്. വളരെ ഗുരുതരമായൊരു പ്രശ്നമാണിത്, ഇതിൽ നമുക്ക് അഭിമാനത്തോടെ പറയാം, കേരള സംസ്ഥാനമാണ് ഇതുമായി ബന്ധപ്പെട്ട് ആഗോള തലത്തിൽ കൃത്യമായ ശാസ്ത്രീയമായ പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ട് പോകുന്നത്. അതിന് ഒരു ഉദാഹരണം പറഞ്ഞാൽ ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ ആദ്യമായി രൂപീകരിച്ച സംസ്ഥാനം കേരളമാണ്. അതിന്റെയടിസ്ഥാനത്തിൽ ബ്ലോക്ക് തലത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും, ആരോഗ്യപ്രവർത്തകരേയും പങ്കാളികളാക്കിക്കൊണ്ടാണ് ഈ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നത്. ആന്റിബയോട്ടിക് സ്മാർട്ട് ഹോസ്പിറ്റൽ എന്ന ഒരു ആശയം

കൂടി കേരളം മുന്നോട്ട് വച്ചു. ലോകാരോഗ്യസംഘടന പറയുന്ന ആക്സസ് ഗ്രൂപ്പിൽ പെടുന്ന ആന്റിബയോട്ടിക്കൽ അതിന്റെ ആ രീതിയിൽ തന്നെയാണ് വിനിയോഗിക്കുന്നതെന്ന് തിരിച്ചറിയുന്നതിനുവേണ്ടിയുള്ള ഒരു വിശകലനം നടത്തിക്കൊണ്ടാണ് ആന്റിബയോട്ടിക് സ്മാർട്ട് ഹോസ്പിറ്റൽസ്, അതോടൊപ്പംതന്നെ പ്രിസ്ക്രിപ്ഷൻ ഓഡിറ്റ് നടത്തിയാണ് അത് ചെയ്യുന്നത്. സംസ്ഥാനത്തെ രണ്ട് ആരോഗ്യകേന്ദ്രങ്ങൾ, രാജ്യത്ത് തന്നെ ആദ്യത്തേത് നവംബറിൽ കോഴിക്കോട് കക്കോടിയിലുള്ള ആരോഗ്യകേന്ദ്രമാണ് ആന്റിബയോട്ടിക് സ്മാർട്ട് ഹോസ്പിറ്റലായത്. ഈ വർഷം സംസ്ഥാനത്തെ എല്ലാ ആരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യകേന്ദ്രങ്ങളും ആന്റിബയോട്ടിക് സ്മാർട്ട് ഹോസ്പിറ്റലാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ആരോഗ്യവകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്. ജില്ലാതലത്തിലും, മെഡിക്കൽ കോളേജു തലത്തിലും, കോട്ടയം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ നല്ല രീതിയിലുള്ള പ്രവർത്തനങ്ങൾ ഇതുമായി ബന്ധപ്പെട്ട് നടത്തുന്നുണ്ട്. തീർച്ചയായും കൂടുതൽ ശക്തമായി ഇത് മുന്നോട്ട് കൊണ്ടുപോകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ പ്രധാനപ്പെട്ട ഒരു പ്രവർത്തനമാണ് ഓവർ ദ കൗണ്ടർ, ഫാർമസികളിൽ നിന്ന് പ്രിസ്ക്രിപ്ഷൻ ഇല്ലാതെ ആന്റിബയോട്ടിക്കുകൾ കൊടുക്കരുതെന്നുള്ളത്, അത് ശക്തമായി നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. അതിന്റെ

ഭാഗമായി ഓപ്പറേഷൻ 'അമൃത്' ആരംഭിച്ചു. നല്ല രീതിയിലുള്ള പ്രതികരണം അതിൽ നിന്നും ലഭിക്കുന്നുണ്ട്. തീർച്ചയായും നമ്മുടെ ലക്ഷ്യങ്ങളിലേക്ക് എത്തിപ്പെടാൻ നമുക്ക് കഴിയും.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ആരോഗ്യ സൂചികയിൽ കേരളം ഒന്നാമത്, ഇന്ത്യയിൽ ഏറ്റവും കൂടുതൽ സൗജന്യമായി കിടത്തി ചികിത്സ നടത്തുന്നതും കേരളത്തിൽ, ഇത്തരം പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്ന വകുപ്പിനേയും മന്ത്രിയേയും സർക്കാരിനേയും ഞാൻ അഭിനന്ദിക്കുന്നു. എന്റെ ചോദ്യം സംസ്ഥാനത്തെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അത്തരം സ്ഥാപനങ്ങളിൽ ജനങ്ങൾക്കനുകൂലമായ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാകുക?

ശ്രീമതി വീണാ ജോർജ്: സർ, ആർദ്രം മിഷന്റെ ഭാഗമായി സർക്കാർ കൈക്കൊണ്ട ഏറ്റവും പ്രധാനപ്പെട്ട തീരുമാനങ്ങളിലൊന്നാണ്, താഴെത്തട്ടിലുള്ള അതായത് കുടുംബാരോഗ്യകേന്ദ്രങ്ങൾക്കും താഴെയുള്ള സബ് സെന്ററുകളെ ജനകീയ പങ്കാളിത്തത്തോടെ പൊതുജനാരോഗ്യപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ജനകീയാരോഗ്യകേന്ദ്രങ്ങളായി മാറ്റുകയെന്നുള്ളത്. അതിന്റെ ഭാഗമായി അയ്യായിരത്തിലധികം സബ് സെന്ററുകൾ സംസ്ഥാനത്ത് തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ തെരഞ്ഞെടുക്കുകയും, ബഹുമാനപ്പെട്ട

മുഖ്യമന്ത്രിതന്നെ കഴിഞ്ഞ വർഷം സംസ്ഥാനതലത്തിൽ ജനകീയാരോഗ്യകേന്ദ്രങ്ങളായി അവയെ മാറ്റുന്നതിനുവേണ്ടിയുള്ള ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി മൂന്ന് ആരോഗ്യപ്രവർത്തകരുടെ സേവനം ജനകീയാരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാകും. പണ്ട് സബ് സെന്ററുകൾ ആഴ്ചയിലൊരിക്കലോ, രണ്ടാഴ്ചയിലൊരിക്കലോ ആണ് തുറന്ന് പ്രവർത്തിച്ചിരുന്നതെങ്കിൽ ഇപ്പോൾ പ്രവർത്തിദിവസങ്ങളിലെല്ലാം തന്നെ ആരോഗ്യപ്രവർത്തകർ അവിടെ ഉണ്ടായിരിക്കും, പതിനാലോളം ടെസ്റ്റുകൾ അവിടെ നടത്താൻ സാധിക്കും. ജീവിത ശൈലി രോഗങ്ങൾക്കുൾപ്പെടെയുള്ള വൈറ്റമിൻ ടാബ് ലെറ്റുകൾ ഇവിടെ നിന്നും നൽകുന്നതിനും സാധിക്കും. ആരോഗ്യകേന്ദ്രങ്ങളിൽ ഡോക്ടർമാർ നിർദ്ദേശിക്കുന്ന മരുന്നുകൾ, തുടർച്ചയായി കഴിക്കേണ്ട മരുന്നുകൾ, എൻ.സി.ഡി.യുടെ മെഡിസിൻസൊക്കെ ഇവിടെ നിന്നും ലഭ്യമാകും. ഒരു പൊതുജനാരോഗ്യപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള ഒരിടം കൂടിയാണ്. ഇവിടെ ചെറിയ രീതിയിലുള്ള വ്യായാമം ചെയ്യുന്നതിനുള്ള ഓപ്പൺ ജിമ്മുകൾ, ഗർഭിണികൾക്ക് ഒന്നിച്ചിരുന്ന് വ്യായാമം ചെയ്യുന്നതിനും യോഗ ചെയ്യുന്നതിനുംവേണ്ടിയുള്ള സൗകര്യങ്ങൾ, വയോജനങ്ങൾക്ക് ഒരുമിച്ച് കൂടുന്നതിനുള്ള ഇടങ്ങളൊക്കെ തന്നെ ജനകീയാരോഗ്യകേന്ദ്രങ്ങളുടെ ഭാഗമായി വളരെ മനോഹരമായി ജനകീയ പങ്കാളിത്തത്തോടെ സജ്ജമാക്കിയിട്ടുണ്ട്,

തീർച്ചയായും പൊതുജനാരോഗ്യമേഖലയിലെ നല്ലൊരു ഇടപെടലായിട്ടാണ് സർക്കാർ കാണുന്നത്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കേരളത്തിൽ ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ രോഗനിയന്ത്രണത്തിനും ബോധവത്കരണത്തിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; അർബുദ രോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അർബുദ രോഗനിയന്ത്രണത്തിനും പ്രതിരോധത്തിനുമായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ആർദ്രം മിഷന്റെ രണ്ടാംഘട്ടത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് വിഭാവന ചെയ്യുന്നതെന്ന് വിശദമാക്കാമോ; സി.എച്ച്.സി.കളുടെ നവീകരണവും സ്റ്റാഫ് പാറ്റേൺ പുതുക്കലും ഈ ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ശ്രീമതി വീണാ ജോർജ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചോദ്യത്തിനുള്ള ഉത്തരത്തിലെ കുറച്ചുഭാഗം നേരത്തേ മേശപ്പുറത്തുവച്ച നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 153-ന്റെ ഉത്തരത്തിലെ 'സി' പിരിവിൽ ഉൾപ്പെട്ടതിനാൽ വീണ്ടും ആവർത്തിക്കുന്നില്ല. വാർഷിക ആരോഗ്യ പരിശോധന നടത്തുന്നതിന് ലക്ഷ്യമാക്കിയ ജനസംഖ്യ 1,70,00,000

ആണ്. 30 വയസിന് മുകളിൽ പ്രായമുള്ള 1,70,00,000 ആളുകളെ 'ശൈലീ ആപ്' രൂപീകരിച്ച് വാർഷിക ആരോഗ്യ പരിശോധനയ്ക്ക് വിധേയമാക്കണമെന്നാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. നമ്മൾ നേരത്തേ സൂചിപ്പിച്ചപോലെ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ അതായത്, ആരോഗ്യ കേന്ദ്രങ്ങളുടെയും ആശുപത്രികളുടെയും അടിസ്ഥാന സൗകര്യങ്ങൾ ഉയർത്തുന്നതിനും മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കൊപ്പം നവകേരള കർമ്മപദ്ധതി II-ന്റെ ഭാഗമായി ആർദ്രം മിഷനിലൂടെ ലക്ഷ്യം വച്ചിരിക്കുന്നത് രോഗനിർമ്മാർജ്ജനവും ജീവിതശൈലീ രോഗങ്ങളുൾപ്പെടെയുള്ളവയുടെ പ്രതിരോധവും ക്യാൻസർ നിയന്ത്രണവുമാണ്. പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി ആദ്യവർഷത്തെ വാർഷിക ആരോഗ്യ പരിശോധന നടത്തിയത് സംബന്ധിച്ചുള്ള ഇന്നലെവരെയുള്ള കണക്കനുസരിച്ച്, 1,53,00,000 ആളുകളെ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ പുതിയതായി 7,08,965 (30%) ആളുകൾക്ക് രക്താതിസമ്മർദ്ദമുള്ളതായി കണ്ടെത്താൻ കഴിഞ്ഞു. അതുപോലെതന്നെ 61,647 (2.6%) ആളുകൾക്ക് പുതിയതായി പ്രമേഹ രോഗമുള്ളതായും കണ്ടെത്തിയിട്ടുണ്ട്. രണ്ടാംഘട്ടത്തിലുള്ള വാർഷിക

ആരോഗ്യ പരിശോധന ഇപ്പോൾ ആരംഭിക്കുകയാണ്, രണ്ടാംഘട്ട സർവ്വേയുടെ ഭാഗമായി കൂടുതൽ രോഗങ്ങൾ സ്ക്രീൻ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ഇതിനുള്ള ചോദ്യാവലിയിൽ കുഷ്ഠരോഗം, മാനസിക രോഗം, കാഴ്ച/കേൾവി പ്രശ്നങ്ങൾ, വയോജനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ മുതലായവ കണ്ടെത്തുന്നതിനുള്ള ചോദ്യങ്ങൾകൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഫെബ്രുവരി മാസം 15-ാം തീയതിയോടുകൂടി രണ്ടാംഘട്ട സർവ്വേ ആരംഭിക്കും. റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, കൊച്ചിൻ ക്യാൻസർ സെന്റർ, മെഡിക്കൽ കോളേജുകൾ എന്നിവകൂടാതെ 25 ആശുപത്രികളിൽ ക്യാൻസർ രോഗ ചികിത്സ നൽകുന്നതിനായി കീമോ തെറാപ്പി സംവിധാനം വികേന്ദ്രീകരിച്ചതിനാൽ ഏകദേശം ഒന്നര ലക്ഷത്തോളം ആളുകൾ ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ എത്തിച്ചേരുകയും കീമോ തെറാപ്പിക്ക് വിധേയമാകുകയും ചെയ്യുന്നുണ്ട്. കൂടാതെ ക്യാൻസർ ഗ്രിഡുകൾ, 'ശൈലീ ആപ് '-ലൂടെ സ്ക്രീൻ ചെയ്യപ്പെടുന്ന ആളുകൾ ആരോഗ്യ കേന്ദ്രങ്ങളിൽ പരിശോധനയ്ക്ക് എത്തുന്നുവെന്ന് ഉറപ്പാക്കിക്കൊണ്ട് ഫോളോഅപ് നടത്തുന്നതിനായുള്ള ക്യാൻസർ സ്യൂട്ടുകൾ എന്നിവകൂടി രൂപീകരിച്ചിട്ടുണ്ട്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, നിലവിലുള്ള കിടക്കകളുടെ അടിസ്ഥാനത്തിലാണ് പൊതുവെ നമ്മുടെ നാട്ടിൽ ആശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാറുള്ളത്. എന്നാൽ മലപ്പുറം ജില്ലയെ സംബന്ധിച്ചിടത്തോളം വളരെയധികം അസമത്വം ഇക്കാര്യത്തിൽ നിലനിൽക്കുകയാണ്. ജനസംഖ്യാനുപാതികമായി കിടക്കകളില്ലാത്തതാണ് ഇതിനുകാരണം. താലൂക്ക്-ജില്ലാ ആശുപത്രികളുടെ നവീകരണത്തിനും ജനസംഖ്യാനുപാതികമായി ആശുപത്രികളിൽ കിടക്കകൾ അനുവദിക്കുന്നതിനും ബഹുമാന്യയായ വകുപ്പുമന്ത്രിക്ക് നിർദ്ദേശം നൽകാൻ സാധിക്കുമോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളുടെ സന്ദർശനങ്ങളുടെ ഭാഗമായി മലപ്പുറം ജില്ലയിലെ താലൂക്ക് ആശുപത്രികളും ജില്ലാ - ജനറൽ ആശുപത്രിയും അടുത്തിടെ സന്ദർശിച്ചവേളയിൽ ബഹുമാനപ്പെട്ട എം.എൽ.എ.യുടെ മണ്ഡലമായ പെരിന്തൽമണ്ണയിലും സന്ദർശനം നടത്തിയിരുന്നു. പല ആരോഗ്യ കേന്ദ്രങ്ങളും പഴയ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ ബോർഡ് മാറ്റിവച്ച് താലൂക്കാശുപത്രി എന്നാക്കി മാറ്റിയവയാണ്. ടി സൗകര്യങ്ങളുള്ള

ആശുപത്രികളാണ് അവിടെയുള്ളത്. ആർദ്രം മിഷനിലൂടെ സംസ്ഥാനത്തെ താലൂക്ക് ആശുപത്രിതലം മുതൽ സ്പെഷ്യാലിറ്റി ചികിത്സകൾ ലഭ്യമാക്കണമെന്നാണ് സർക്കാർ വിഭാവന ചെയ്യുന്നത്. പെരിന്തൽമണ്ണ താലൂക്ക് ആശുപത്രിയുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി പുതിയ ഒരു കെട്ടിടം നിർമ്മിക്കുന്നുണ്ട്. ആശുപത്രികളുടെ ആവശ്യങ്ങൾക്കനുസരിച്ച് കൂടുതൽ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുതന്നെയാണ് സർക്കാർ ലക്ഷ്യമാക്കുന്നത്, അതിനായുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. താലൂക്ക് ആശുപത്രി സന്ദർശനത്തിന്റെ ഭാഗമായി പൊതുസമൂഹത്തിന്റെ വലിയ തോതിലുള്ള പിന്തുണകൂടി ലഭ്യമാകുന്നുണ്ട്. സർക്കാരിനൊപ്പം ചേർന്നുകൊണ്ട് അവരുടെ സഹായംകൂടി ഇക്കാര്യത്തിലുണ്ടാകുമെന്ന ഉറപ്പ് ലഭിച്ചിട്ടുണ്ട്. ഈ വർഷം ഡയാലിസിസ് സംവിധാനം നിലവിലില്ലാത്ത എല്ലാ ആശുപത്രികളിലും പ്രസ്തുത സംവിധാനം ക്രമീകരിക്കാൻ സാധിക്കുന്നതാണ്. കണ്ണൂർ ജില്ലാ ആശുപത്രിയിൽ ഒരു ദിവസം 3000-4000 ആളുകളാണ് ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ ചികിത്സ തേടുന്നത്. മെഡിക്കൽ കോളേജിന് സമാനമായ സാഹചര്യമാണ് അവിടെയുള്ളത്. അത്തരത്തിലുള്ള ആശുപത്രികളും നമ്മുടെ നാട്ടിലുണ്ട്. അത്തരം

ആശുപത്രികളിൽ പുതുതായി കൂടുതൽ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ശ്രമിക്കുന്നത്. KIIFB പദ്ധതിയിലൂടെ ആശുപത്രികളുടെ വികസനത്തിനായി എണ്ണായിരം കോടി രൂപയിലധികം തുക വിതരണം ചെയ്തിട്ടുണ്ട്, വർഷങ്ങൾക്കുമുൻപ് ഇത്തരത്തിൽ ചിന്തിക്കാൻകൂടി കഴിയുമായിരുന്നില്ല. അത്യാധുനിക രീതിയിലുള്ള ഒ.പി/ഐ.പി. സംവിധാനങ്ങളാണ് ആശുപത്രികളിൽ സജ്ജമാക്കിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ.യുടെ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പെരിന്തൽമണ്ണ ആശുപത്രിയിലും അതിനുതക്കവണ്ണമുള്ള സൗകര്യങ്ങളുണ്ട്. അവ കൃത്യമായി ഉപയോഗപ്പെടുത്തുന്നതിനുള്ള ഇടപെടൽകൂടി പ്രാദേശികമായി നടത്തേണ്ടതുണ്ട്.

**കുടുംബശ്രീ ശാക്തീകരണ ക്യാമ്പെയ്ൻ**

4 (*154) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. പി. നന്ദകുമാർ:
ശ്രീമതി യു പ്രതിഭ:
ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ ത്രിതല സംഘടനാ ശാക്തീകരണം ലക്ഷ്യം വച്ചുകൊണ്ട് സ്ത്രീ ശാക്തീകരണ ക്യാമ്പെയ്‌ന്റെ ഭാഗമായി സംഘടിപ്പിക്കുന്ന തിരികെ സ്കൂളിൽ എന്ന പരിപാടിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ക്യാമ്പെയ്‌ൻ മുഖേന അയൽക്കൂട്ട ശൃംഖലയിൽ ഇതുവരെ എത്രപേരെ ചേർക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന വിവരം ലഭ്യമാണോ; അറിയിക്കുമോ;

(സി) പ്രസ്തുത ക്യാമ്പെയ്‌നെത്തുടർന്ന് കുടുംബശ്രീ ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) കുടുംബശ്രീ നിലവിൽ നടത്തിവരുന്ന പദ്ധതികൾ കാലാനുസൃതമായി നവീകരിക്കുന്നതിനും പ്രൊഫഷണലിസം കൊണ്ടുവരുന്നതിനും ഉതകുന്ന തരത്തിൽ പദ്ധതികളെ പുനരാവിഷ്കരിച്ച് നടപ്പാക്കുന്നതിന് നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ,

(എ) 25 വർഷം കൊണ്ട് സംസ്ഥാനത്ത് ദാരിദ്ര്യ നിർമാർജന യജ്ഞമായി ആരംഭിച്ച പദ്ധതിയിൽനിന്നും വളർന്ന്

സാമൂഹ്യപുരോഗതിക്കുള്ള നിരവധി പദ്ധതികളിൽ സജീവ പങ്കാളിത്തമായി നിലവിൽ കുടുംബശ്രീ മാറിക്കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹെല്പ് ഡെസ്കുകൾ, SHE STARTS സംരംഭ പദ്ധതി, പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനുള്ള സമുന്നതി പദ്ധതി, ആദിവാസിമേഖലകളിൽ കമ്മ്യൂണിറ്റി കിച്ചൻ, ഹോം ഷോപ് പദ്ധതി, എസ്. വി. ഇ. പി.(Startup Village Enterpreneurship Programme), റേഡിയോശ്രീ, വിശപ്പുരഹിത കേരളത്തിനായുള്ള ജനകീയ ഹോട്ടൽ പദ്ധതി, ഡിജിറ്റൽ സാക്ഷരതാ ക്യാമ്പെയ്ൻ, കിബ്സ് (Kudumbashree Initiative for Business Solution-KIBS), കേരള ചിക്കൻ, ശുചിത്വ മിഷൻ ആരംഭിച്ച ടേക്ക് എ ബ്രേക്ക്, മാലിന്യ മുക്ത കേരളം എന്നിവയിൽ പ്രധാന പങ്ക് കുടുംബശ്രീയെ കേരളീയ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഏറ്റവും സജീവവും സക്രിയവുമായി ഇടപെടുന്ന പ്രസ്ഥാനമാക്കി മാറ്റിയിട്ടുണ്ട്. കാൽ നൂറ്റാണ്ടു കാലത്തെ അഭിമാനകരമായ വളർച്ചക്കിടയിലും കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ ചില ദുർബലതകൾ കണ്ടെത്തിയിരുന്നു. അവ പരിഹരിച്ച് കുടുംബശ്രീ സംവിധാനത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും

കാര്യക്ഷമമാക്കുന്നതിനും വേണ്ടി വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടുകൂടി 2023 ഒക്ടോബർ 1 മുതൽ 2023 ഡിസംബർ 10 വരെ നടപ്പിലാക്കിയ ബൃഹത്ത് പരിശീലന പരിപാടിയാണ് 'തിരികെ സ്കൂളിൽ' ക്യാമ്പെയ്ൻ. മുഴുവൻ കുടുംബശ്രീ അംഗങ്ങൾ ഒഴിവ് ദിവസം സ്കൂളിലേയ്ക്ക് എത്തിച്ചേർന്ന്, 50 പേരുടെ ഗ്രൂപ്പായി തിരിഞ്ഞ് ക്ലാസ് റൂമിൽ ഇരുന്നുകൊണ്ട് 5 വിഷയങ്ങളെ ആസ്പദമാക്കി പഠിക്കുന്ന പഠന പ്രക്രിയാണ് 'തിരികെ സ്കൂളിൽ' . പഠനത്തോടൊപ്പം മാനസിക ഉല്ലാസം സാധ്യമാകുന്ന രീതിയിലാണ് പഠന പ്രക്രിയ വിഭാവന ചെയ്തത്. പ്രസ്തുത ക്യാമ്പെയ്ന് ഏറ്റവും കൂടുതൽ വനിതകൾ പങ്കെടുത്ത പരിശീലനത്തിനുള്ള ഏഷ്യ ബുക്ക്സ് ഓഫ് റെക്കോർഡ്സ്, ഇന്ത്യ ബുക്ക്സ് ഓഫ് റെക്കോർഡ്സ് എന്നീ രണ്ട് റിക്കാർഡുകൾ കുടുംബശ്രീക്ക് ലഭിച്ചിട്ടുണ്ട്.

(ബി) ബാക്ക് ടു സ്കൂൾ പരിശീലന പരിപാടിയിൽ 3,11,758 അയൽക്കൂട്ടങ്ങളിൽ നിന്നും 38,70,794 പേർ പങ്കെടുത്തു. പ്രസ്തുത പരിശീലനം നിലവിലുള്ള അംഗങ്ങൾക്ക് വേണ്ടിയുള്ളതാണ്. അയൽക്കൂട്ടങ്ങളിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നില്ല.

(സി) വിജയകരമായി പൂർത്തീകരിച്ച 'തിരിക സ്കൂളിൽ' എന്ന പദ്ധതിയിൽനിന്നുള്ള ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് ഒരു വർഷം കൊണ്ട് 3 ലക്ഷം സ്ത്രീകൾക്ക് ഉപജീവനം ഉറപ്പുവരുത്തി, അവരുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 2024-25 സാമ്പത്തിക വർഷം K-LIFT (Kudumbashree Livelihood Initiative for Transformation) എന്ന പേരിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രത്യേക ഉപജീവന ക്യാമ്പെയ്ൻ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുക, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം, സ്വകാര്യ-പൊതുമേഖല സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ടുകൾ, വിവിധ വായ്പ പദ്ധതികൾ ഉൾപ്പെടെ ഏകദേശം 430 കോടി രൂപയുടെ ഉപജീവന പരിപാടികളാണ് ഈ ക്യാമ്പെയ്ൻ വഴി ലക്ഷ്യം വയ്ക്കുന്നത്. പ്രസ്തുത ക്യാമ്പെയ്ന്റെ ഉദ്ഘാടനം 2024 ഫെബ്രുവരി 6-ന നിർവ്വഹിക്കപ്പെട്ടു.

(ഡി) ഈ വർഷം തന്നെ 3 ലക്ഷം കുടുംബശ്രീ അംഗങ്ങൾക്ക് ഉപജീവനം ഉറപ്പുവരുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക ഉപജീവന പരിപാടിയായ K-LIFT നടപ്പിലാക്കും. നിലവിലുള്ള

പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പ്രൊഫഷണലിസം കൊണ്ടുവരുന്നതിനും നിരവധി പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ത്രീ സ്റ്റാർ ഹോട്ടലിനെ വെല്ലുന്ന രീതിയിൽ മുഴുവൻ ജില്ലകളിലും പ്രീമിയം കഫെ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ഓക്സിലറി ഗ്രൂപ്പുകളെ ശക്തിപ്പെടുത്തി വൈജ്ഞാനിക തൊഴിൽ സാധ്യതകളെ കൂടുതൽ പ്രയോജനപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കൃഷി-മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ ഇടപെടൽ നടത്തും. അയൽക്കൂട്ടങ്ങളെ കൾച്ചറൽ റിക്രിയേഷൻ സെന്ററാക്കി വികസിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് ദാരിദ്ര്യ നിർമാർജന യജ്ഞമായി ആരംഭിച്ച പദ്ധതിയിൽനിന്നും വളർന്ന് സാമൂഹ്യ പുരോഗതിക്കുള്ള നിരവധി പദ്ധതികളിൽ നിലവിൽ സജീവ പങ്കാളിത്തമായി കുടുംബശ്രീ മാറിക്കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീയുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹെല്പ് ഡെസ്കുകൾ, SHE STARTS സംരംഭ പദ്ധതി, പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനുള്ള സമുന്നതി പദ്ധതി, ആദിവാസിമേഖലകളിൽ കമ്മ്യൂണിറ്റി കിച്ചൻ, ഹോം ഷോപ് പദ്ധതി, എസ് വി. ഇ. പി, റേഡിയോശ്രീ, വിശപ്പുരഹിത കേരളത്തിനായുള്ള ജനകീയ

ഹോട്ടൽ പദ്ധതി, ഡിജിറ്റൽ സാക്ഷരതാ ക്യാമ്പയിൻ, കിബ്സ്, കേരള ചിക്കൻ, ശുചിത്വ മിഷൻ ആരംഭിച്ച ടേക്ക് എ ബ്രേക്ക്, മാലിന്യ മുക്ത കേരളം എന്നിവ അവയിൽ പ്രധാന പങ്ക് വഹിക്കുന്നു

കുടുംബശ്രീയുടെ നിലവിലുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും ഭാവി പ്രവർത്തനങ്ങൾ രൂപകല്പന ചെയ്യുന്നതിനുമായി തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി തലത്തിൽ അവലോകന യോഗങ്ങൾ നടത്തുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

ശ്രീമതി കാനത്തിൽ ജമീല: സർ, കേരളത്തിലെ സ്ത്രീശാക്തീകരണം ലക്ഷ്യംവച്ചുകൊണ്ട് ലോകത്തിനുതന്നെ മാതൃകയായ കുടുംബശ്രീ പ്രസ്ഥാനം കഴിഞ്ഞ 25 വർഷമായി വളരെ അഭിമാനകരമായി മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുകയാണ്. ഈ ബഡ്ജറ്റിലും കുടുംബശ്രീ വിഹിതമായി 915 കോടി രൂപയും തൊഴിലവസര സൃഷ്ടിക്കായി 430 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കുടുംബശ്രീ രംഗത്തെ വൈവിധ്യവത്കരിക്കുന്നതിനും കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുമായി ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ഫെബ്രുവരി 5-ാം തീയതി അവതരിപ്പിച്ച സംസ്ഥാന ബഡ്ജറ്റിൽ കുടുംബശ്രീയുമായി ബന്ധപ്പെട്ട് K-LIFT(Kudumbashree Livelihood Initiative For Transformation) എന്ന ഒരു പുതിയ പദ്ധതി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 3 ലക്ഷം വനിതകൾക്ക് സുസ്ഥിര വരുമാനം വരുന്ന ഒരു വർഷത്തിനുള്ളിൽ ലക്ഷ്യമിടുക എന്നതാണ് K-LIFT-ന്റെ പ്രഖ്യാപിത ലക്ഷ്യം. ഫെബ്രുവരി 5-ാം തീയതി പ്രഖ്യാപിച്ച പദ്ധതി തൊട്ടടുത്ത ദിവസം ഫെബ്രുവരി 6-ാം തീയതി തന്നെ ലോഞ്ച് ചെയ്യാൻ കഴിഞ്ഞു. 1070 സി.ഡി.എസ്-കൾക്ക് കീഴിലായി 3,16,860 അയൽക്കൂട്ടങ്ങളാണ് നിലവിലുള്ളത്. ഈ അയൽക്കൂട്ടങ്ങളെ ഒരുമിച്ചുചേർത്തുകൊണ്ട് അവയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് K-LIFT. ഇതുകൂടാതെ വൈവിധ്യമാർന്ന ഒട്ടേറെ പ്രവർത്തനങ്ങൾ കുടുംബശ്രീ ഈ കാലയളവിൽ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. അതിൽത്തന്നെ വളരെയടുത്ത ദിവസം ആരംഭിച്ച പദ്ധതിയാണ് കുടുംബശ്രീ നേതൃത്വത്തിലുള്ള വെജിറ്റബിൾ കിയോസ്കുകൾ. ആദ്യഘട്ടത്തിൽ കുടുംബശ്രീയുടെ

നേതൃത്വത്തിൽ 100 നാച്വേഴ്സ് ഫ്രഷ് വെജിറ്റബിൾ കിയോസ്കുകളാണ് കേരളത്തിൽ ആരംഭിക്കുന്നത്. 81,034 കൂട്ടുകൃഷി യൂണിറ്റുകളിലായി 3,78,138 വനിതാ കർഷകർ സംസ്ഥാനത്ത് വിവിധ ഇനങ്ങളിലുള്ള പഴം/പച്ചക്കറികൾ തുടങ്ങിയവ കൃഷിചെയ്തുവരുന്നു. 12,819 ഹെക്ടർ സ്ഥലത്ത് ഇത്തരത്തിൽ കൃഷി ചെയ്തുവരുന്നത്. അവരുടെ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനടക്കം സഹായകമാകുന്നതും അതോടൊപ്പം ജനങ്ങൾക്ക് വിഷരഹിത പച്ചക്കറി/പഴം എന്നിവ ലഭ്യമാക്കാൻ സഹായകരമാകുന്ന പദ്ധതിയാണ് നാച്വേഴ്സ് ഫ്രഷ് ഔട്ട്ലെറ്റുകൾ, അവ സംസ്ഥാനത്ത് ആരംഭിച്ചുകഴിഞ്ഞു. ഇതിനുപുറമേ കുടുബശ്രീ ഉത്പന്നങ്ങളുടെ ബ്രാൻഡിംഗ് നടപ്പാക്കിയിട്ടുള്ളത്. കറി പൗഡർ മേഖലയിൽ വ്യത്യസ്ത യൂണിറ്റുകൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് ഏകീകൃതമായ ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് "കുടുംബശ്രീ" എന്നപേരിൽത്തന്നെ ബ്രാൻഡ് ചെയ്ത് പുറത്തിറക്കുന്നുണ്ട്. ആദ്യമായി കണ്ണൂർ ജില്ലയിലാണ് ഈ പദ്ധതി ആരംഭിച്ചത്, ഇപ്പോൾ മലപ്പുറം, തൃശ്ശൂർ ജില്ലകളിലേയ്ക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിച്ചിട്ടുമുണ്ട്. കുടുംബശ്രീയുടെ ഉത്പന്നങ്ങൾ ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും Open Network for

Digital Commerce (ONDC)-യിലും ലഭ്യമാണെന്ന കാര്യംകൂടി അറിയിക്കാൻ ആഗ്രഹിക്കുകയാണ്. കുടുംബശ്രീയുടെ നേതൃത്വത്തിൽ 74,124 പേർക്ക് നൈപുണ്യ പരിശീലനം നടത്തിയതിൽ 52,880 പേർക്ക് പ്ലേസ്മെന്റ് ലഭ്യമായി എന്നകാര്യവും സന്തോഷത്തോടുകൂടി അറിയിക്കുകയാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)